بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 1-2

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ജനുവരി 4-11/ ഹി.ശം 1403 സ്വുൽഹ് 4-11/1445 ജമാദുൽ ആഖർ21-28

## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوا اسۡتَجِیۡبُوۡا لِلّٰہِ وَلِلرَّسُوۡلِ اِذَا دَعَاکُمۡ لِمَا یُحۡیِیۡکُمۡ ۚ

വിശ്വസിച്ചവരേ!അല്ലാഹുവിനും അവന്റെ ദൂതനും -നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ-ഉത്തരം നല്കുക.

.(വിശുദ്ധ ഖുർആൻ 8:25)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**അല്ലാഹുവിന്റെ പരിധിക്കുള്ളിൽ നിൽക്കുന്നവൻ:**

(2493)ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹുവിന്റെ നിയമപരിധിക്കുള്ളിൽ ജിവിക്കുന്നവന്റേയും ആ പരിധി ലംഘിക്കുന്നവന്റേയും സ്ഥിതി ഒരു സംഘം ആളുകളുടെ സ്ഥിതിപോലെയാണ്. (സീറ്റ് നിർണയിക്കാൻ വേണ്ടി)അവർ നറുക്കിട്ടു. ചിലർക്ക് കിട്ടിയത് മേലെ തട്ടാണ്; മറ്റു ചിലർക്ക് കപ്പലിന്റെ താഴെ തട്ടും. താഴെ തട്ടിലിരിക്കുന്നവർ വെള്ളത്തിന് ആവശ്യം വരുമ്പോൾ മേലെ തട്ടിലിരിക്കുന്നവരുടെ അരികിലൂടെ നടക്കാൻ തുടങ്ങി. താഴെ തട്ടിലുള്ളവർ പറഞ്ഞു:ഞങ്ങൾ ഓഹരിയിൽപ്പെട്ട സ്ഥലത്ത് ഞങ്ങളൊരു ഓട്ട തുളച്ചാൽ മുകളിലുള്ളവർക്ക് ശല്യമുണ്ടാക്കാതെ കഴിക്കാമായിരുന്നു. താഴെ തട്ടിലുള്ളവരെ അങ്ങനെ പ്രവർത്തിക്കാൻ വിടുന്ന പക്ഷം രണ്ടുകൂട്ടരും ഒന്നായി നശിക്കും. അവരിങ്ങനെ പ്രവർത്തിക്കാതിരിക്കാൻ അവരുടെ കൈ പിടിച്ചാലോ ഇരുവിഭാഗവും രക്ഷപ്പെടുകയും ചെയ്യും.(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബു അശ്ശിർക്കത്തു, പ്രസാധനം 2008 ഖാദിയാൻ)

**സത്യസന്ധനായ ഒരു മുസ്‌ലിമിന് കോപിക്കപ്പെട്ടവന്റേയോ വഴിപിഴച്ചവന്റേയോ കൂട്ടത്തിൽ കൂടാൻ പറ്റുകയില്ല. ആരുടെമേലാണോ അല്ലാഹുവിന്റെ കോപമുണ്ടായത് അവരാണ് മഗ്ളൂബ്. ളാല്ല് കൊണ്ടുള്ള ഉദ്ദേശ്യം ക്രിസ്ത്യാനികളാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മധ്യാവസ്ഥയിലധിഷ്ഠിതമായിട്ടുള്ളതാണ് ഇസ്‌ലാംമതം. അതുകൊണ്ടു അല്ലാഹു ഈ അധ്യാപനം തരുകയും കോപിക്കപ്പെട്ടവരിൽനിന്നും വഴിപിഴച്ചവരിൽനിന്നും രക്ഷപ്പെട്ടിരിക്കാൻ നിർദേശം നല്കുകയും ചെയ്തു. സത്യസന്ധനായ ഒരു മുസ്‌ലിമിന് കോപിക്കപ്പെട്ടവന്റേയോ വഴിപിഴച്ചവന്റേയോ കൂട്ടത്തിൽ കൂടാൻ പറ്റുകയില്ല. ആരുടെമേലാണോ അല്ലാഹുവിന്റെ കോപമുണ്ടായത് അവരാണ് *മഗ്ളൂബ്*. കാരണം അവർ സ്വയം കോപിക്കുന്നവരായിരുന്നു. അതുകൊണ്ടാണ് ദൈവത്തിന്റെ കോപം വലിച്ചുകൊണ്ടുവന്നത്. അവർ യഹൂദികളാണ്. *ളാല്ല്* കൊണ്ടുള്ള ഉദ്ദേശ്യം ക്രിസ്ത്യാനികളാണ്.

കോപാവസ്ഥ ദുഷ്ടജന്തുപ്രകൃതിയിൽനിന്നാണുണ്ടാകുന്നത്. വഴികേട് ആശങ്കാപ്രകൃതിയിൽ നിന്നാണുണ്ടാകുന്നത്. ആശങ്കാപ്രകൃതി അതിരുകടന്ന സ്നേഹത്തിൽനിന്നാണുണ്ടാകുന്നത്. അനാവശ്യമായി സ്നേഹിക്കുന്ന മനുഷ്യൻ വഴിപിഴച്ചുപോകുന്നു. ഹുബ്ബക്ക ശ്ശയ്ഇ യുഅ്മീ വ യുസ്വിമ്മു ഇതിന്റെ തുടക്കവും ഉദ്ദേശ്യവും ആശങ്കാപ്രകൃതിയാണ്. അതിന്റെ ഉദാഹരണം ഇങ്ങനെയാണ്, വിരിപ്പിനെ വള്ളിയായി മനസ്സിലാക്കുകയും കയറിനെ പാമ്പാക്കുകയും ചെയ്യുന്നു. ഇക്കാരണത്താലാണ് ഏതോ കവി പറഞ്ഞത്, അപ്നാ മഅ്ശൂഖ് ഐസാ ഖരാർ നഹീ ദിയാ ജോ ദൂസരോം സെ ബഢ്കർ നഃ ഹൊ. എന്റെ പ്രേമഭാജനം മറ്റുള്ളവരെക്കാൾ മികച്ചവളല്ലെന്ന സമ്മതമൊന്നും തന്നില്ല.

ആശങ്കാപ്രകൃതിയിൽ ആവേശം കയറി മനുഷ്യൻ മധ്യാവസ്ഥയിൽനിന്ന് അതിരുകടന്നുപോകുന്നു. അങ്ങനെ കോപാവസ്ഥയിൽ ക്രൂരമൃഗത്തിന്റെ വീര്യം വർധിക്കുന്നു. ഉദാഹരണത്തിന് നായ ആദ്യം മെല്ലെ മെല്ലെയാണ് കുരയ്ക്കുന്നത്. പിന്നീട് എന്തുചെയ്യാനും മടിക്കുകയില്ല. അവസാനം ക്രൂരമൃഗങ്ങൾ കോപാകുലരായി നുള്ളിപ്പറിക്കുകയും കടിച്ചുതിന്നുകയും ചെയ്യുന്നു. യഹൂദികളും ഇപ്രകാരം അക്രമത്തിന്റേയും കൈയേറ്റത്തിന്റേയും ദുശ്ശീലങ്ങൾ സ്വീകരിക്കുകയും കോപത്തെ അതിന്റെ പാരമ്യതയിലെത്തിക്കുകയും ചെയ്തു. അവസാനം സ്വയം കോപിക്കപ്പെട്ടവരായി. ആശങ്കാപ്രകൃതിക്ക് അധികാരമുണ്ടാകുമ്പോൾ മനുഷ്യൻ കയറിനെ പാമ്പാക്കുന്നു. മരത്തെ ആന എന്നു പറയുന്നു. അതിന് ഒരു തെളിവുമുണ്ടാകുകയില്ല. ഈ ശക്തി സ്ത്രീകളിലാണ് അധികമായുണ്ടാകുന്നത്. ഇതുകൊണ്ടാണ് ക്രിസ്ത്യൻ മതത്തിന്റേയും അന്യാരാധകരുടേയും വലിയ ആശ്രയം സ്ത്രീകളാകുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഇസ്‌ലാം മധ്യാവസ്ഥയിലിരിക്കാൻ പാഠം നല്കി. ഇതിന്റെ പേര് അസ്സ്വിറാത്തൽമുസ്ത്തഖീം എന്നാണ്.(മൽഫൂദാത്ത് വാല്യം 1 പേജ് 456, പ്രസാധനം ഖാദിയാൻ 2003)

**നബിമാരുടെ ജമാഅത്തുകളുടെ അഭിവൃദ്ധിയും പരീക്ഷണവും ഇരട്ടകുട്ടികളായ സഹോദരങ്ങളാണ്. അവർക്ക് പരസ്പരം വേർപെടാൻ സാധ്യമല്ല. ഏതെങ്കിലും ജനത മരിക്കാൻ തയ്യാറാകാത്തിടത്തോളം ജീവിക്കുകയില്ല. കാരണം ജീവിതം മരണം കൂടാതെ കരസ്ഥമാകുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: മറ്റുള്ളതിനുശേഷം പറയാനുള്ളത് അവർ(അതായത് ആദരണീയരായ സ്വഹാബ(റ))മരണത്തെ സ്വീകരിച്ചു. തങ്ങളുടെ എല്ലാ വിജയവും മരണത്തിൽത്തന്നെയാണെന്ന് മനസ്സിലാക്കി. ഇക്കാര്യം കാരണത്താലാണ് അവർ കുറഞ്ഞ കാലംകൊണ്ടമുഴുലോകത്തേയും ജയിച്ചടക്കിയത്. എത്ര പ്രൗഢിയോടെ ജയിച്ചടക്കിയെന്നാൽ അതിനുദാഹരണം മുമ്പേ കടന്നുകഴിഞ്ഞ ഒരു ജനതയിലും ലഭിക്കുന്നില്ല. പിന്നീട് നോക്കുക, വിപത്തുകളുടെ ഈ പരമ്പര വേഗം അവസാനിച്ചില്ല. പ്രത്യുത ഒരു ദീർഘകാലംവരെ നീണ്ടുനിന്നു. ഖിലാഫത്ത് സ്ഥാപിതമായപ്പോൾ ഹദ്റത്ത് ഉമർ(റ) ശഹീദായി. ഹദ്റത്ത് ഉഥ്മാൻ ശഹീദായി. ഹദ്റത്ത് അലി ശഹീദായി. കർബല മൈതാനിയിൽ നബി(സ)തിരുമേനിയുടെ ഏകദേശം മുഴുവൻ കുടുംബവും ശഹീദായി. ചിലയാളുകൾ അബദ്ധത്തിൽ മനസ്സിലാക്കുന്നത് പരീക്ഷണം ആരംഭകാലത്തുമാത്രമാണ് വരുന്നതെന്നാണ്;അഭിവൃദ്ധിയുടെ കാലത്ത് പരീക്ഷണങ്ങളുടെ പരമ്പര അടഞ്ഞുപോകുമത്രെ! എന്നാൽ, ഇതു ശരിയല്ല. നബിമാരുടെ ജമാഅത്തുകളുടെ അഭിവൃദ്ധിയും പരീക്ഷണവും ഇരട്ടകുട്ടികളായ സഹോദരങ്ങളാണ്. അവർക്ക് പരസ്പരം വേർപെടാൻ സാധ്യമല്ല. ഏറ്റവും ആദ്യത്തെ കാലഘട്ടത്തിൽപ്പോലും പരീക്ഷണം വരുന്നു. അഭിവൃദ്ധിയുടെ പാരമ്യത്തിന്റെ കാലത്തും പരീക്ഷണം വരുന്നു. ഇപ്രകാരം ആരംഭംമുതൽ അവസാനംവരെ പരീക്ഷണങ്ങളുടെ പരമ്പര തുടർന്നുകൊണ്ടുപോകുന്നു. ഒന്നോ രണ്ടോ വ്യക്തികൾ മാത്രം വിശ്വസിക്കുന്ന നേരത്തും പരീക്ഷണങ്ങൾ വരുന്നു. പാരമ്യതയുടെ ഉന്നതമായ നേരത്ത് ജമാഅത്തിന് വിജയത്തിനുമേൽ വിജയം കരസ്ഥമായിക്കൊണ്ടിരിക്കുന്ന നേരത്തും പരീക്ഷണമുണ്ടാകുന്നു. നബി(സ)തിരുമേനിക്ക് ആദ്യകാലത്തും വിപത്തുകളിലൂടേ

(ശേഷം പേജ് 12ൽ)

mta INTERNATIONAL
WATCH LIVE

THE WEEKLY
AL HAKAM
www.alhakam.org

ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 നവംബർ 17 (സമ്പൂർണ തർജമ)
ജുമുഅ ഖുത്വ്ബ 2023 നവംബർ 24 (സമ്പൂർണ തർജമ)
മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- ഹിജ്റത്തിനുശേഷം മുസ്ലിമീങ്ങൾക്കും യഹൂദികൾക്കുമിടയിലുണ്ടാക്കിയ ഉടമ്പടിയനുസരിച്ച് നബി(സ)തിരുമേനിക്ക് ഒരു സാധാരണ പൗരന്റെ സ്ഥാനമായിരുന്നില്ല ഉണ്ടായിരുന്നത്. മറിച്ച് മദീനയിൽ സ്ഥാപിതമായ ജനകീയസർക്കാരിന്റെ തലവനായിരുന്നു ആ മഹാത്മാവ്. എല്ലാ വഴക്കുകളിലും രാഷ്ട്രസംബന്ധമായ കാര്യങ്ങളിലും സമുചിതമായ തീരുമാനമെടുക്കാൻ നബി(സ)തിരുമേനിയെ അധികാരപ്പെടുത്തിയിരുന്നു.
- അന്നുണ്ടായിരുന്ന നിയമമനുസരിച്ച് കഅ്ബിനോട് പെരുമാറിയതിനെപറ്റി യഹൂദികൾ നിശബ്ദത പാലിക്കുന്നത് അവർ ഈ ശിക്ഷയെ അംഗീകരിക്കുന്നുവെന്നാണ് വ്യക്തമാക്കുന്നത്. ഇതിനുശേഷം യഹൂദികൾ എപ്പോഴെങ്കിലും കഅ്ബ് ബിൻ അശ്റഫിന്റെ വധത്തിൽ മുസ്ലിമീങ്ങളെ ആരോപണവിധേയരാക്കിയതായി ചരിത്രത്തിൽ എവിടെയും രേഖപ്പെട്ടിട്ടില്ല. കാരണം കഅ്ബ് തനിക്ക് അർഹമായ ശിക്ഷയാണ് വരിച്ചതെന്ന് അവർ മനസ്സിലാക്കിയിരുന്നു.
- ഒരു ദുഷ്ടനും കലാപകാരിയുമായ ആൾ വധിക്കപ്പെടുന്നത്, സമാധാനകാംക്ഷികളായ ആളുകളുടെ ജീവൻ അപകടത്തിൽ അകപ്പെടുന്നതിനെക്കാളും രാജ്യത്തെ സമാധാനം തകരുന്നതിനെക്കാളും ഉത്തമമാണ്.
- ഉമറേ!ചിന്താകുലനാകേണ്ട. അല്ലാഹുവിന് സമ്മതമാണെങ്കിൽ ഹഫ്സ്വയ്ക്ക്, അബുബക്റിനെക്കാളും ഉഥ്മാനെക്കാളും നല്ല ഭർത്താവിനെ കിട്ടുന്നതാണ്. ഉഥ്മാന് ഹഫ്സ്വയെക്കാൾ നല്ല ഭാര്യയേയും കിട്ടുന്നതാണ്.
- നബി(സ)തിരുമേനിക്ക് തന്റെ മകൾ ഫാത്വിമയോടു എത്രമാത്രം സ്നേഹമാണോ ഉണ്ടായിരുന്നത് അതുപോലെതന്നെയായിരുന്നു അവരുടെ മക്കളോടും. പലപ്പോഴും പറയുമായിരുന്നു: 'അല്ലാഹുവേ ഞാൻ ഈ കുട്ടുകളെ സ്നേഹിക്കുന്നു നീയും ഇവരെ സ്നേഹിച്ചാലും.'
- ഫുറാത്ത് ബിൻ ഹയ്യാന്റെ ഇസ്ലാം സ്വീകരണത്തിന്റെ വിശദീകരണം, കഅ്ബ് ബിൻ അശ്റഫിന്റെ വധസംഭവം, അതിലെ യുക്തി, അതിനെ തുടർന്നുണ്ടായ ആക്ഷേപങ്ങൾക്ക് മറുപടി, ഹദ്റത്ത് ഹഫ്സ്വ ബിൻത് ഉമറും നബി(സ)തിരുമേനിയുമായുള്ള നിക്കാഹ്, ഹദ്റത്ത് അലിയുടേയും ഹദ്റത്ത് ഫാത്വിമയുടേയും മകനും നബി(സ)തിരുമേനിയുടെ ദൗഹിത്രനുമായ ഇമാം ഹസന്റെ ജനനം.
- ഫലസ്തീനിലെ പീഢിതർക്കുവേണ്ടി ദുആ ചെയ്യാൻ വീണ്ടും ആഹ്വാനം.
- ലോകം അതിന്റെ നാശത്തെ വളരെ സമീപസ്ഥമാക്കിക്കൊണ്ടിരിക്കുകയാണെന്ന് തോന്നുന്നു. ഈ നാശത്തിനുശേഷം ബാക്കിയാകുന്നവർക്ക് അല്ലാഹു ബുദ്ധിനല്കുമാറാകട്ടെ. അവർ അല്ലാഹുവിലേക്ക് ശ്രദ്ധിക്കുന്നവരാകുമാറാകട്ടെ. അവനിലേക്ക് തിരിയുന്നവരാകട്ടെ. ഏതായാലും നമ്മൾ ഇത് സംബന്ധിച്ച് നല്ലപോലെ പ്രാർഥിക്കേണ്ടതാണ്. അല്ലാഹു ലോകത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ.
- യു.എന്നിന്റെ സെക്രട്ടറി ജനറലും നന്നായി പറയുന്നുണ്ട്. ഇപ്പോൾ കൂടുതൽ നന്നായി സംസാരിക്കുന്നുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ ശബ്ദത്തിന് ഒരു പ്രാധാന്യവുമില്ലെന്നാണ് തോന്നുന്നത്. ഈ യുദ്ധത്തിനുശേഷം അതായത് ഇതു കൂടുതൽ വ്യാപിച്ചാൽ ആഗോളയുദ്ധമായി മാറിയാൽ യു.എൻ.ഒ. കഥാവശേഷമാകുന്നതായിരിക്കും. അല്ലാഹു ലോകത്തിന് ബുദ്ധി നല്കുമാറാകട്ടെ.

**ഖുത്ബ ജുമുഅ 2023 നവംബർ 17/1402 നുബുവ്വത്ത് 17**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയുടെ അവസാനം വിവരിച്ചുവന്ന നബിചരിത്രത്തിൽ ഫുറാത്ത് ബിൻ ഹയ്യാൻ മുസ്ലിമായതിനെപറ്റിയും പരാമർശിച്ചിരുന്നു. ഇദ്ദേഹം മുസ്ലിമായതു സംബന്ധിച്ച് കൂടുതൽ വിവരണം ഇപ്രകാരമാകുന്നു: ഇദ്ദേഹം ബന്ദിയാക്കപ്പെട്ടിരുന്നുവെന്ന് കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു. ബദ്ർ യുദ്ധദിവസവും ഇദ്ദേഹത്തിനു പരിക്കേറ്റിരുന്നു. അവിടെ ബന്ദികളിൽനിന്ന് ഓടിരക്ഷപ്പെടുന്നതിൽ അദ്ദേഹം വജയിക്കുകയുണ്ടായി. പക്ഷേ, വീണ്ടും മുസ്ലിമീങ്ങളുടെ കൈയാൽ ബന്ദിയാക്കപ്പെട്ടു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)പറഞ്ഞു: ഇനിയും താങ്കൾ താങ്കളുടെ ചെയ്തികളിൽ മാറ്റം വരുത്തുകയില്ലേ? ഫുറാത്ത് പറഞ്ഞു:ഇത്തവണ ഞാൻ മുഹമ്മദ്(സ)ൽനിന്ന് രക്ഷപ്പെട്ടാൽപ്പിന്നെ ഒരിക്കലും എന്നെ പിടിക്കാൻ സാധിക്കുകയില്ല. അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു:അങ്ങനെയാണെങ്കിൽ താങ്കൾ ഇസ്ലാം സ്വീകരിക്കൂ. താങ്കൾക്ക് രക്ഷപ്പെടണമെങ്കിൽ ഒരുവഴി മാത്രമേയുള്ളൂ. അതായത് ഇസ്ലാം സ്വീകരിക്കുക. ഏതായാലും ഫുറാത്ത് ബിൻ ഹയ്യാൻ, ഹദ്റത്ത് അബൂബക്റിന്റെ ഈ സംസാരം കേട്ടപ്പോൾ, നബി(സ)യുടെ സന്നിധിയിലേക്ക് പുറപ്പെട്ടു. തന്റെ ഒരു അൻസ്വാരി സുഹൃത്തിന്റെ അടുക്കലൂടെ പോകുമ്പോൾ പറഞ്ഞു: ഞാൻ മുസ്ലിമാകുന്നു. അൻസ്വാരി സ്വഹാബി നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തി പറഞ്ഞു: ഇദ്ദേഹം ഇസ്ലാം സ്വീകരിച്ചിരിക്കുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കാര്യം അല്ലാഹുവിന് വിട്ടുകൊണ്ട് പറഞ്ഞു:ഇന്ന മിൻകും രിജാലൻ നകിലുഹും ഇലാ ഈമാനിഹിം നിങ്ങളിൽനിന്ന് തീർച്ചയായും ചില ആളുകളുണ്ട്. അവരെ അവരുടെ ഇമാമിന്റെ ഉത്തരവാദിത്വത്തിൽ നാം വിടുന്നു. അതായത് അദ്ദേഹം താൻ ഇസ്ലാം സ്വീകരിച്ചുവെന്ന് പറയുകയാണെങ്കിൽ ശരി, അത് അദ്ദേഹവും അല്ലാഹുവും തമ്മിലുള്ള കാര്യമാകുന്നു. ഏതായാലും നബി(സതിരുമേനി അദ്ദേഹത്തെ ഇക്കാര്യംകൊണ്ടുതന്നെ മോചിപ്പിക്കുകയുണ്ടായി.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 6. പേജ് 398, മക്തബ ദാറുൽമആരിഫ് ലാഹോർ) (അൽഇസ്വാബ, വാല്യം 5, പേജ് 273, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995) ഇതിൽ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെ ഒരു സൈനിക നീക്കത്തെപറ്റിയുള്ള പരാമർശവുമുണ്ട്. ഹിജ്റ 3-ാം വർഷം ജമാദുൽ ആഖർ മാസം ഖർദ എന്ന സ്ഥലത്തേക്ക് ഒരു സൈന്യത്തെ അയച്ചിരുന്നു. ഈ സംഭവത്തെ പറ്റി സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)എഴുതുന്നു: ബനൂ ഗത്ഫാനിന്റെയും ബനൂസുലയ്മിന്റെയും ആക്രമണങ്ങളിൽനിന്ന് അൽപംആശ്വാസം കിട്ടിയപ്പോൾ മുസ്ലിമീങ്ങൾക്ക് മറ്റൊരു അപകടത്തെ ചെറുക്കാൻ നാട്ടിൽനിന്ന് പുറപ്പെടേണ്ടിവന്നു. ഖുറയ്ശികൾ തങ്ങളുടെ വടക്കൻ കച്ചവടത്തിനുവേണ്ടി പൊതുവിൽ ഹിജാസിന്റെ തീരപ്രദേശത്തുകൂടിയാണ് ശാമിലേക്ക് പോയിരുന്നത്. പക്ഷേ, ഇപ്പോൾ അവർ ഈ വഴി ഒഴിവാക്കുകയുണ്ടായി. കാരണം ഈ പ്രദേശത്തുള്ള ഗോത്രങ്ങൾ മുസ്ലിമീങ്ങളുടെ സൗഹൃദത്തിലായിട്ടുണ്ടായിരുന്നു. ഇതോടെ ഖുറയ്ശികൾക്ക് ദ്രോഹിക്കാനുള്ള അവസരങ്ങളും കുറഞ്ഞു. എന്നല്ല അവർ ഈ തീരപ്രദേശത്തുകൂടെയുള്ള വഴി തങ്ങൾക്ക് അപകടകരമാണെന്ന് മനസ്സിലാക്കിയിരുന്നു. മുസ്ലിമീങ്ങളിൽനിന്ന് അപകടമുണ്ടാകുമെന്നത് മാത്രമായിരുന്നില്ല കാരണം മറിച്ച് അവിടെയുള്ള ഗോത്രങ്ങൾ മുസ്ലിമീങ്ങളുമായി സൗഹൃദത്തിലായതിനാൽ അവർ ചെയ്യാനുദ്ദേശിച്ചതൊന്നും അവർക്ക് ചെയ്യാനും മുസ്ലിമീങ്ങൾക്ക് നഷ്ടം വരുത്താനും കഴിയുമായിരുന്നില്ല. ഏതായാലും അവർ ഈ വഴി ഉപേക്ഷിച്ച്, നജദു വഴിയാണ് സ്വീകരിച്ചത്. അത് ഇറാഖിലേക്കുള്ളതായിരുന്നു. അതിന് ചുറ്റുപാടും ഖുറയ്ശികളുടെ സുഹൃത്തുക്കളും മുസ്ലിമീങ്ങളുടെ ജീവൽശത്രുക്കളുമാണുണ്ടായിരുന്നത്. ആദ്യത്തെ വഴി മുസ്ലിമീങ്ങളുമായി ഉടമ്പടി ചെയ്തവരുടെ സാന്നിധ്യമുള്ളതായിരുന്നു. ഖുറയ്ശികളിപ്പോൾ യാത്രക്കുവേണ്ടി സ്വീകരിച്ച വഴിയിൽ അവരുമായി ഉടമ്പടി ഉണ്ടാക്കിയവരാണുള്ളത്. അവർ മുസ്ലിമീങ്ങളുടെയും ആജന്മശത്രുക്കളായ സുലയിം, ഗത്ഫാൻ ഗോത്രങ്ങളിൽപെട്ട ആളുകളായിരുന്നു. അങ്ങനെ ജമാദുൽ ആഖർ മാസം ഖുറയ്ശികളുടെ ഒരു കച്ചവടസംഘം നജദ് വഴി പോകാനുണ്ടെന്ന് നബി(സ)തിരുമേനിക്ക് അറിയിപ്പു ലഭിക്കുകയുണ്ടായി. ഖുറയ്ശീസംഘങ്ങൾ തീരപ്രദേശത്തൂടെ പോകുന്നത് മുസ്ലിമീങ്ങൾക്ക് അപകടകരമായിരുന്നു. മാത്രമല്ല നജദ് വഴി അവർ പോകുന്നതും, അത്രമാത്രം അല്ലെങ്കിൽ അതിനേക്കാൾ അപകടകരമാണ്. കാരണം തീരപ്രദേശത്തെ അപേക്ഷിച്ച് ഈ വഴിയിൽ ഖുറയ്

ശികളുടെ കൂട്ടാളികളായിരുന്നു നിവസിച്ചിരുന്നത്. അവരും ഖുറയ്ശികളെപ്പോലെ മുസ്‌ലിമീങ്ങളുടെ രക്തദാഹികളായിരുന്നു. അവരുമായി ചേർന്ന് ഖുറയ്ശികൾക്ക് വളരെ എളുപ്പത്തിൽ മദീനയിൽ മിന്നലാക്രമണം നടത്താനോ ദ്രോഹിക്കാനോ കഴിയുമായിരുന്നു. മാത്രമല്ല ഖുറയ്ശികളെ ദുർബലപ്പെടുത്താനും അവരെ രഞ്ജിപ്പിലേക്ക് തിരിക്കാനും ഈ വഴിയിലും അവരുടെ സംഘങ്ങളെ തടയാൻ സംവിധാനം ചെയ്യേണ്ടത് അനിവാര്യമായിരുന്നു. അതുകൊണ്ട് ഈ അറിയിപ്പ് കിട്ടിയുടൻതന്നെ നബി(സ)തിരുമേനി താൻ സ്വതന്ത്രനാക്കിയ അടിമ സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ തന്റെ സ്വഹാബാക്കളുടെ ഒരു സൈന്യത്തെ പറഞ്ഞയക്കുകയുണ്ടായി.

ഖുറയ്ശികളുടെ കച്ചവട സംഘത്തിൽ അബൂ സുഫ്‌യാൻ ബിൻ ഹർബ്, സ്വഫ്‌വാൻ ബിൻ ഉമയ്യ തുടങ്ങിയ മൂപ്പന്മാരുണ്ടായിരുന്നു. സയ്ദ് വളരെ ചുറുചുറുക്കോടേയും ജാഗ്രതയോടേയും തന്റെ കർത്തവ്യം നിറവേറ്റി. നജദിനു സമീപം ഖർദ എന്ന സ്ഥലത്ത് ഇസ്‌ലാമിന്റെ ശത്രുക്കളെ പിടികൂടി. ഓർക്കാപ്പുറത്തുള്ള ഈ ആക്രമണംകൊണ്ട് പേടിച്ചരണ്ട ഖുറയ്ശികൾ സംഘത്തിലെ സമ്പത്തും സാധനങ്ങളുമെല്ലാം ഉപേക്ഷിച്ചോടിപ്പോയി. സയ്ദ് ബിൻ ഹാരിഥയും അദ്ദേഹത്തിന്റെ കൂട്ടുകാരും വമ്പിച്ച സമരാർജ്ജിത സ്വത്തുക്കളുമായി മദീനയിൽ വിജയശ്രീലാളിതരായി തിരിച്ചെത്തി. ചില ചരിത്രകാരന്മാർ, ഈ സംഘത്തിന്റെ വഴികാട്ടി ഫുറാത്ത് എന്നൊരു വ്യക്തിയായിരുന്നുവെന്നും അയാളെ മുസ്‌ലിമീങ്ങൾ ബന്ദിയാക്കിയെന്നും മുസ്‌ലിമായപ്പോൾ വിട്ടയച്ചുവെന്നും എഴുതിയിരിക്കുന്നു. എന്നാൽ, മറ്റു നിവേദനങ്ങളിൽനിന്ന് അയാൾ മുസ്‌ലിമീങ്ങൾക്കെതിരിൽ മുശ്‌രിക്കീങ്ങളുടെ ചാരനാ യിരുന്നുവെന്നും എന്നാൽ, പിന്നീട് മുസ്‌ലിമായി മദീനയിലേക്ക് ഹിജ്റത്ത് ചെയ്തിരുന്നുവെന്നും മനസ്സിലാകുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ) എം.എ. പേജ് 465-466) ഇക്കാലഘട്ടത്തിൽ ഉണ്ടായ മറ്റൊരു സംഭവം കഅ്ബ് ബിൻ അശ്റഫിന്റെ വധമാണ്.

കഅ്ബ് ബിൻ അശ്റഫ് മദീനയിലെ മൂഢന്മാരിൽപ്പെട്ട ആളായിരുന്നു. നബി(സ)തിരുമേനിയുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ അയാളും ഭാഗഭാക്കായിരുന്നു. എന്നാൽ, ഉടമ്പടി ചെയ്തിരുന്നുവെങ്കിലും പിന്നീട് അയാൾ ഫിത്നപരത്താൻ ശ്രമിക്കുകയുണ്ടായി. അയാളെ വധിക്കാൻ നബി(സ)തിരുമേനി കൽപന നൽകിയിരുന്നു.

ബുഖാരിയിൽ ഈ സംഭവത്തിന്റെ വിശദീകരണം ഇപ്രകാരമാകുന്നു:

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. നബി(സ)തിരുമേനി ചോദിച്ചു: കഅ്ബ് ബിൻ അഹ്റഫിന്റെ കാര്യം ആരാണ് ഏറ്റെടുക്കുക? അവൻ അല്ലാഹുവിനേയും അവന്റെ ദൂതനേയും വല്ലാതെ ഉപദ്രവിച്ചിരിക്കുന്നു. മുഹമ്മദ് ബിൻ മസ്‌ലമ(റ)എഴുന്നേറ്റു നിന്ന് പറഞ്ഞു: പ്രവാചകരേ! ഞാൻ അവനെ വധിക്കുന്നത് അങ്ങ് ഇഷ്ടപ്പെടുന്നുണ്ടോ? അതേയെന്നു നബി(സ)തിരുമേനി പറഞ്ഞു. മുഹമ്മദ് ബിൻ മസ്‌ലമ(റ)പറഞ്ഞു:എങ്കിൽ ചില സൂത്രവാക്കുകൾ പറയുവാൻ അങ്ങ് എനിക്ക് അനുവാദം തന്നാലും. അത്തരം വാക്കുകൾ നീ പറഞ്ഞുകൊള്ളുകയെന്ന് നബി(സ)തിരുമേനി പ്രത്യുത്തരം നല്കി. ഉടനെ മുഹമ്മദ് ബിൻ മസ്‌ലമ കഅ്ബിന്റെ അടുക്കൽച്ചെന്ന് ഇപ്രകാരം പറഞ്ഞു: ഈ മനുഷ്യൻ(മുഹമ്മദ്) ഞങ്ങളോടു നികുതി ചോദിക്കുന്നു. അദ്ദേഹം ഞങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നു. ഞാനിപ്പോൾ വന്നിട്ടുള്ളത് കുറച്ചു സംഖ്യ കടം ചോദിക്കാനാണ്. ഉടനെ കഅ്ബ് പറഞ്ഞു:അതേ!അല്ലാഹു സത്യം! നിങ്ങളവനെ ഭാവിയിൽ കൂടുതൽ വെറുക്കും. മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു:ഞങ്ങൾ അവനെ പിൻപറ്റിപ്പോയി.ഇനി അവന്റെ കാര്യത്തിൽ പരിണാമം എങ്ങനെയാണെന്ന് കണ്ടിട്ടല്ലാതെ അവനെ കൈവിടുന്നത് ശരിയല്ലല്ലോ? താങ്കൾ ഒന്നോ രണ്ടോ വസഖ് ധാന്യം ഞങ്ങൾക്കു കടം തരണം. അതിനാണ് ഞാൻ വന്നത്. അവൻ പറഞ്ഞു: ശരി ഞാൻ തരാം. എന്നാൽ, ഉറപ്പിന് പണയം തരണം. എന്താണ് പണയമായി താങ്കൾ ആവശ്യപ്പെടുന്നത്? അദ്ദേഹം ചോദിച്ചു. അവൻ മറുപടി പറഞ്ഞു:നിങ്ങളുടെ പത്നിമാരെ പണയമായി ഏല്പിച്ചുതരിക! മുഹമ്മദ് ബിൻ മസ്‌ലമ ചോദിച്ചു:ഞങ്ങളുടെ പത്നിമാരെ താങ്കൾക്കെങ്ങനെയാണ് പണയമായി ഞങ്ങൾ ഏൽപിച്ചുതരിക? താങ്കൾ അറബികളിൽവച്ച് അതിസുന്ദരനാണല്ലോ? അപ്പോൾ അവൻ പറഞ്ഞു:എങ്കിൽ മക്കളെ എനിക്ക് പണയം തരിക. അദ്ദേഹം പറഞ്ഞു: എങ്ങനെയാണ് ഞങ്ങളുടെ മക്കളെ താങ്കൾക്ക് പണയം തരിക? ആളുകൾ അവരെ പരിഹസിക്കുകയില്ലേ? ഒരു വസ്ഖിന് അല്ലെങ്കിൽ രണ്ടു വസ്ഖിന് പണയം വെക്കപ്പെട്ടവരാണിവരെന്ന് ആളുകൾ പറയാൻ തുടങ്ങും. ഇത് ഞങ്ങൾക്ക് അപമാനമാണ്. താങ്കൾക്ക് ഞങ്ങൾ യുദ്ധസാമഗ്രികൾ പണയം തരാം. മുഹമ്മദ് ബിൻ മസ് ലമയോടു പിന്നീട് വരാനും കടംകൊടുക്കാനും കഅ്ബ് നിശ്ചയിച്ച് വാക്ക് നല്കി. പിന്നീട് കഅ്ബിന്റെ മുലകുടി ബന്ധത്തിലുള്ള ഒരു സഹോദരൻ അബൂ നാഇലയും കൂട്ടി രാത്രി മുഹമ്മദ് ബിൻ മസ്‌ലമ, കഅ്ബിന്റെ അടുക്കൽച്ചെന്നു. കഅ്ബ് അവരെ കോട്ടക്കുള്ളിലേക്ക് ക്ഷണിച്ചു. അദ്ദേഹം അവരുടെ അടുക്കലേക്ക് ഇറങ്ങിച്ചെന്നു. അപ്പോൾ അവന്റെ ഭാര്യ ചോദിച്ചു: ഈ സമയത്ത് താങ്കൾ എവിടെപ്പോകുന്നു? ഇതു മുഹമ്മദ് ബിൻ മസ്‌ലമയും എന്റെ സഹോദരൻ അബൂനാഇലയുമാണ്. അവൻ മറുപടി പറഞ്ഞു. അവൾ പറഞ്ഞു:ഞാനൊരു ശബ്ദം കേൾക്കുന്നുണ്ട്. അതിൽനിന്ന് രക്തം ഇറ്റി വീഴുന്നതുപോലെ എനിക്കു തോന്നുന്നു. അവൻ പറഞ്ഞു: അതെന്റെ സഹോദരൻ മുഹമ്മദ് ബിൻ മസ്‌ലമയും എന്റെ മുലകുടി ബന്ധത്തിലെ സഹോദരൻ അബൂനാഇലയും മാത്രമാണ്. രാത്രി കുന്തമെടുത്ത് കുത്താൻ ക്ഷണിച്ചാൽപോലും ആ ക്ഷണം സ്വീകരിക്കുന്നവനാണ് മാന്യൻ! തുടർന്ന് അവൻ പറഞ്ഞു:മുഹമ്മദു ബിൻ മസ്‌ലമയും കൂടെ രണ്ടുപേരും അകത്തു വരട്ടെ. മുഹമ്മദു ബിൻ മസ്‌ലമ(റ)തന്റെ കൂട്ടുകാരനോടു പറഞ്ഞു:അവനിങ്ങോട്ടു വന്നാൽ ഞാനവന്റെ മുടിപിടിച്ച് ചായ്ച്ചുകൊണ്ട് വാസനിക്കും. അവന്റെ തല എന്റെ കൈയിലൊതുങ്ങിയെന്നു കണ്ടാൽ നിങ്ങൾ അവനെ പിടികൂടി വെട്ടിക്കൊള്ളണം. അവസാനം ഒരു പുതപ്പുകൊണ്ട് പുതച്ചവനായി അവരുടെ അടുക്കലേക്ക് അവനിറങ്ങിവന്നു. സുഗന്ധവസ്തുവിന്റെ പരിമളം അവന്റെ ശരീരത്തിൽനിന്ന് അടിച്ചു വീശിക്കൊണ്ടിരുന്നു. മുഹമ്മദു ബിൻ മസ്‌ലമ പറഞ്ഞു:ഇതിനെക്കാൾ നല്ല ഒരു പരിമളം ഇതിനുമുമ്പേ ഞാൻ വാസിനിച്ചിട്ടേയില്ല. ഉടനെ അവൻ പറഞ്ഞു:അറബികളിൽവച്ച് ഏറ്റവും സുഗന്ധമുള്ളവളും അതിസുന്ദരിയുമായ ഒരു സ്ത്രീയാണ് എന്റെയടുക്കലുള്ളത്. മുഹമ്മദു ബിൻ മസ്‌ലമ ചോദിച്ചു:താങ്കളുടെ തലയൊന്നു വാസനിക്കാൻ എന്നെ അനുവദിക്കുമോ? അവൻ പറഞ്ഞു: അതേ! അപ്പോൾ അദ്ദേഹം അവന്റെ തലപിടിച്ച് വാസനിച്ചു. എന്നിട്ട് തന്റെ കൂട്ടുകാർക്കും വാസനിക്കാൻ കൊടുത്തു. പിന്നീട് അദ്ദേഹം ചോദിച്ചു: എനിക്കൊന്നുകൂടി വാസനിക്കാനനുവാദം തരുമോ? ശരിയെന്ന് അവൻ പറഞ്ഞു. അവൻ അദ്ദേഹത്തിന്റെ പിടിത്തത്തിൽ ഒതുങ്ങിക്കഴിഞ്ഞപ്പോൾ കൂട്ടുകാരനോടു പറഞ്ഞു: നിങ്ങൾ നോക്കിക്കൊള്ളുക. ഉടനെ അവർ അവനെ വധിച്ചു. പിന്നീട് അവർ നബി(സ)തിരുമേനിയുടെ അടുത്തുചെന്ന് വിവരങ്ങളെല്ലാം അറിയിച്ചു.(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു ഖതലു കഅ്ബുബിനുൽഅശ്റഫ്, നിവേദനം 4037) കഅ്ബിന് പരിക്കേറ്റതിന്റെ കൂടുതൽ വിശദീകരണം ബുഖാരിയുടെ വ്യാഖ്യാനമായ ഉംദത്തുൽഖാരിയിൽ ഇപ്രകാരം വന്നിട്ടുണ്ട്: മുഹമ്മദു ബിൻ മസ്‌ലമ തന്റെ കൂട്ടുകാരുമൊന്നിച്ച് കഅ്ബ് ബിൻ അശ്റഫിനെ ആക്രമിച്ചു. അയാളെ വധിച്ചപ്പോൾ, അദ്ദേഹത്തിന്റെ കൂട്ടുകാരനായ ഹദ്റത്ത് ഹാരിഥ് ബിൻ ഔസിന് വാളിന്റെ മുനകൊണ്ടു. അങ്ങനെ അദ്ദേഹത്തിന് പരിക്കുപറ്റി. തന്റെ കൂട്ടുകാരുടെതന്നെ വാളിന്റെ മുനകൊണ്ടു പരിക്കു പറ്റി. തുടർന്ന് അദ്ദേഹത്തിന്റെ കൂട്ടുകാർ അദ്ദേഹത്തേയും എടുത്ത് വളരെ വേഗത്തിൽ മദീനയിൽ നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ) തിരുമേനി ഹാരിഥ് ബിൻ ഔസിന്റെ മുറിവിൽ തന്റെ ഉമിനീരു പുരട്ടി. പിന്നീട് അദ്ദേഹത്തിന് ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല.(ഉംദത്തുൽഖാരി, വാള്യം 17, പേജ് 192, കിതാബുൽമഗാസി, ബാബു ഖതല കഅ്ബ് ബിനുൽഅശ്റഫ്, പ്രസാധനം ദാറു അഹ്‌യാഉത്തുറാഥ്, ബെയ്റുത്ത് 2003)കഅ്ബ് ബിൻ അശ്റഫിന്റെ വധത്തെപറ്റി സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. അത് ഞാൻ ഇവിടെ ചുരുക്കി വിവരിക്കാം: ബദ്ർ യുദ്ധം മീദനയിലെ യഹൂദികളുടെ മാനസിക വിദ്വേഷത്തെ പ്രകടമാക്കുകയുണ്ടായി. ബനൂ ഖയ്നഖയെ നാടുകടത്തിയത് മറ്റു യഹൂദികളുടെ മാറ്റത്തിന് പ്രേരകമായില്ല. അവർ തങ്ങളുടെ ദ്രോഹത്തിലും കലഹമുണ്ടാക്കുന്നതിലും മുന്നേറിക്കൊണ്ടിരുന്നു. കഅ്ബ് ബിൻ അശ്റഫിന്റെ വധവും ഈ ശൃംഖലയിലെ ഒരു കണ്ണിയാണ്. കഅ്ബ് മതപരമായി യഹൂദിയായിരുന്നെങ്കിലും യഥാർഥത്തിൽ യഹൂദി വംശജനല്ലായിരുന്നു. പ്രത്യുത അറബിയായിരുന്നു. ഇയാളുടെ പിതാവ് അശ്റഫ് ബിൻ നബ്ഹാൻ കുശാഗ്രബുദ്ധിയും ചുറുചുറുക്കുമുള്ള വ്യക്തിയായിരുന്നു. അയാൾ മദീനയിലെത്തി ബനൂ നളീറുമായി ബന്ധങ്ങളുണ്ടാക്കി. അങ്ങനെ അവരുടെ സഖ്യകക്ഷിയായി മാറി. അവസാനം അയാൾ തന്റെ വ്യക്തിപ്രഭാവം എത്രമാത്രം ഉറപ്പിച്ചുവെന്നാൽ, ബനൂനളീറിന്റെ പരമോന്നത നേതാവായ അബൂ റാഫിഅ് ബിൻ അബുൽ ഹഖീഖ് തന്റെ മകളെ അയാൾക്ക് വിവാഹം ചെയ്തുകൊടുത്തു. ഈ സ്ത്രീയിലാണ് കഅ്ബ് ജനിച്ചത്. അയാൾ വലുതായപ്പോൾ തന്റെ പിതാവിനേക്കാളും വലിയ സ്ഥാനം കരസ്ഥമാക്കി. എത്രത്തോളമെന്നാൽ ഒടുവിൽ അറേബ്യായിലെ എല്ലാ യഹൂദികളും അയാളെ തങ്ങളുടെ നേതാവായി അംഗീകരിക്കുന്ന നിലവരെയെത്തി. കഅ്ബ് ആകർഷണീയമായ രൂപപ്രകൃതിയുള്ള വ്യക്തിയായിരുന്നതിനോടൊപ്പം നല്ല വാഗ്മിത്വമുള്ള കഴിവും വലിയ ധനാഢ്യനുമായിരുന്നു. എപ്പോഴും തന്റെ സമുദായത്തിലെ പണ്ഡിതന്മാരേയും മറ്റു സ്വാധീനമുള്ള വ്യക്തികളേയും സാമ്പത്തിക ഔദാര്യംകൊണ്ട് തന്റെ കൈയിൽ ഒതുക്കിവെച്ചിരുന്നു. എന്നാൽ, ധാർമികമായി വളരെ മോശം സ്വഭാവമുള്ള ആളായിരുന്നു. ഗൂഢനീക്കളിലും കലാപത്തിന്റെ കാര്യത്തിലും അയാൾ പാരമ്യത്തിലുമായിരുന്നു. അയാളിലില്ലാത്ത ഒരു തിന്മയുമില്ലായിരുന്നു. നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ നബി(സ)തിരുമേനിക്കും യഹൂദികൾക്കുമിടയിൽ പരസ്പരം സൗഹാർദ്ദത്തിനും സമാധാനത്തിനും പൊതുവായ പ്രതിരോധത്തിനുമുണ്ടാക്കിയ രേഖാമൂലമുള്ള ഉടമ്പടിയിൽ മറ്റു യഹൂദികളോടൊപ്പം കഅ്ബ് ബിൻ

അശ്റഫും പങ്കെടുത്തിരുന്നു. പ്രത്യക്ഷത്തിൽ ഇയാൾ ഉടമ്പടി ചെയ്തെങ്കിലും ഉള്ളിന്റെയുള്ളിൽ, കഅ്ബിന്റെ ഹൃദയത്തിൽ വിദ്വേഷത്തിന്റേയും ശത്രുതയുടേയും കനലെരിയുന്നുണ്ടായിരുന്നു. അയാൾ ഗൂഢനീക്കങ്ങളിലൂടെ ഇസ്‌ലാമിനേയും ഇസ്‌ലാം മതസ്ഥാപകർ നബി(സ)തിരുമേനിയേയും എതിർക്കാൻ തുടങ്ങി.

ചരിത്രത്തിൽ പറയുന്നു: കഅ്ബ് എല്ലാ വർഷവും യഹൂദി പണ്ഡിതന്മാർക്കും നേതാക്കന്മാർക്കും ഒരുപ ദാനങ്ങൾ നല്കിക്കൊണ്ടിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ ഹിജ്റത്തിനുശേഷം ഇവർ തങ്ങളുടെ ദാനം വാങ്ങാൻ അയാളുടെ അടുക്കൽ പോയപ്പോൾ അയാൾ സംസാരത്തിന്നിടയിൽ നബി(സ)തിരുമേനിയെ പറ്റി പരാമർശിച്ചുകൊണ്ട്, നബി(സ)തിരുമേനിയെ സംബന്ധിച്ച് അവരുടെ മതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ അഭിപ്രായമാരാഞ്ഞു. അവർ പറഞ്ഞു: തൗറാത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് ഇദ്ദേഹമെന്നാണ് പ്രത്യക്ഷത്തിൽ ഞങ്ങൾക്ക് തോന്നുന്നത്. കഅ്ബ് ഈ മറുപടിയിൽ വളരെയേറെ ദ്വേഷപ്പെടുകയും എല്ലാവരും അലസന്മാരാണെന്ന് പറയുകയും അവരെ പറഞ്ഞയക്കുകയും ചെയ്തു. അവർക്കു കൊടുത്തുകൊണ്ടിരുന്ന ദാനങ്ങൾ നല്കിയതുമില്ല. യഹൂദി ഉലമാഇന്റെ ജീവിതവിഭവം മുട്ടിയപ്പോൾ കുറച്ചു നാളുകൾക്കുശേഷം അവർ വീണ്ടും കഅ്ബിന്റെ അടുത്തെത്തി. അവർ പറഞ്ഞു: വാസ്തവത്തിൽ ഞങ്ങൾക്ക് ലക്ഷണങ്ങൾ മനസ്സിലാക്കുന്നതിൽ പിഴവ് പറ്റിയിരിക്കുന്നു. ഞങ്ങൾ വീണ്ടും ആലോചിച്ചപ്പോൾ മുഹമ്മദ്(സ)നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ട നബിയല്ലെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത മറുപടിയോടെ കഅ്ബിന്റെ പ്രശ്നം തീർന്നു. അയാൾ സന്തോഷത്തോടെ വർഷത്തിൽ കൊടുക്കാറുള്ള ദാനങ്ങൾ അവർക്ക് നൽകുകയും ചെയ്തു. ഏതായാലും ഇതൊരു മതപരമായ എതിർപ്പായിരുന്നു. അത് കുറ്റകരമായ സാഹചര്യത്തിലേക്ക് വളരുകയായിരുന്നു. എന്നാൽ, അത് ശിക്ഷ ലഭിക്കാൻ മാത്രം പോന്ന ആക്ഷേപമല്ല. ഇക്കാര്യത്തിൽ അയാളെ കുറ്റക്കാരനെന്ന് പറയാനും സാധ്യമല്ല. ഇതിനുശേഷം കഅ്ബിന്റെ എതിർപ്പ് കൂടുതൽ ഭയാനകമായി രൂപംപ്രാപിച്ചു. ബദ്ർ യുദ്ധത്തിനുമുമ്പേ അയാൾ കരുതിയത് മുസ്‌ലിമീങ്ങളുടെ വിശ്വാസവീര്യം ഒരു താൽക്കാലിക പ്രതിഭാസമാണെന്നും പതിയപ്പതിയെ ഇവരെല്ലാം സ്വയമേവ പിരിഞ്ഞ്, തങ്ങളുടെ പൂർവമതത്തിലേക്ക് മടങ്ങുമെന്നുമാണ്. ബദ്റിൽ മുസ്‌ലിമീങ്ങൾക്ക് അപ്രതീക്ഷിത വിജയം ലഭിച്ചു. ഭൂരിപക്ഷം ഖുറയ്ശിമൂപ്പന്മാരും വധിക്കപ്പെട്ടു. അപ്പോൾ ഈ പുതിയ ദീൻ സ്വയം ഇല്ലാതാവുന്നതായി കാണാൻ കഴിയുന്നില്ലെന്ന് അയാൾക്ക് ബോധ്യമായി. അങ്ങനെ ബദ്റിനുശേഷം തന്റെ സകല പരിശ്രമങ്ങളും ഇസ്‌ലാമിനെ ഇല്ലായ്മ ചെയ്യാനും നശിപ്പിക്കാനും ചെലവഴിക്കുമെന്ന് അയാൾ തീരുമാനമെടുത്തു.

അയാളുടെ മനസ്സിലുണ്ടായിരുന്ന പകയുടേയും വിദ്വേഷത്തിന്റേയും ആദ്യത്തെ ബഹിർപ്രകടനം ബദ്റിന്റെ വിജയവാർത്ത മദീനയിലെത്തിയപ്പോഴാണുണ്ടായത്. അത് കേട്ടപ്പോൾ കഅ്ബ് വളരെ തുറന്നനിലയിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞു: ഇത് വ്യാജവാർത്തയാണെന്ന് തോന്നുന്നു. കാരണം മുഹമ്മദ്(സ)ന് ഖുറയ്ശികളുടെ ഇത്രയും വലിയ സൈന്യത്തിനുമേൽ വിജയം വരിക്കാനും മക്കാ മൂപ്പന്മാരെല്ലാവരേയും നിലംപരിശാക്കാനും സാധ്യമല്ല. ഇനി ഈ വാർത്ത സത്യമാണെങ്കിൽപ്പിന്നെ ജീവിച്ചിരിക്കുന്നതിലും നല്ലത് മരിക്കുകയാണ്.

ഏതായാലും വാർത്ത സ്ഥിരീകരിക്കപ്പെടുകയും ബദ്റിന്റെ വിജയം വാസ്തവത്തിൽ ഇസ്‌ലാമിനെ ബലപ്പെടുത്തുന്നുവെന്നും അയാൾ അറിഞ്ഞു. അതൊന്നും അയാളുടെ ചിന്തയിൽ പോലും ഇല്ലായിരുന്നു. അയാൾ കൂടുതൽ അരിശം മൂത്ത് ഉടൻതന്നെ യാത്രയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തി മക്കയിലേക്ക് തിരിച്ചു. അവിടെയെത്തി അയാൾ തന്റെ ചടുലമായ സംസാരവും, കവിതയും മുഖേന ഖുറയ്ശികളുടെ മനസ്സിൽ എരിഞ്ഞുകൊണ്ടിരുന്ന തീക്കനലിനെ ആളിക്കത്തിച്ചു. അവരുടെ മനസ്സിൽ മുസ്‌ലിമീങ്ങളുടെ രക്തത്തിനുള്ള ഒടുങ്ങാത്ത ദാഹമുണ്ടാക്കി. അവരുടെ ഹൃദയങ്ങളെ പ്രതികാരത്തിന്റേയും ശത്രുതയുടേയും വികാരത്താൽ കുത്തിനിറച്ചു. കഅ്ബിന്റെ പ്രകോപനങ്ങൾ അവരുടെ വികാരങ്ങളെ പരമാവധി തീക്ഷ്ണമാക്കി. തുടർന്ന് അയാൾ അവരെ കഅ്ബയുടെ മുറ്റത്ത് കൊണ്ടുവന്ന് കഅ്ബയുടെ ഖില്ല അവരുടെ കൈകളിൽ പിടിപ്പിച്ചു. അവരെക്കൊണ്ട്, ഇസ്‌ലാമിനേയും ഇസ്‌ലാംമത സ്ഥാപകരേയും ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുന്നതുവരെ സ്വസ്ഥമായിരിക്കുന്നതല്ലെന്ന് ശപഥം ചെയ്യിച്ചു. മക്കയിൽ ഇത്തരം അഗ്നിമയമായ അന്തരീക്ഷം സൃഷ്ടിച്ചശേഷം ആ ദുർഭഗൻ മറ്റു അറേബ്യൻ ഗോത്രങ്ങളിലേക്ക് തിരിച്ചു. ഓരോ ഗോത്രത്തിലും പര്യടനം നടത്തി അവരെ ഇസ്‌ലാമിന്നെതിരിൽ ഇളക്കിവിടാൻ തുടങ്ങി. തിരിച്ച് മദീനയിലെത്തി തന്റെ ആവേശഭരിതമായ കവിതകളിൽ വളരെ മോശവും അശ്ലീലവുമായ നിലയിൽ മുസ്‌ലിം സ്ത്രീകളെപറ്റി പറയാൻ തുടങ്ങി. പ്രവാചക കുടുംബത്തിലെ സ്ത്രീകളേയും തന്റെ വൃത്തികെട്ട കവിതകൾകൊണ്ട് കുറിമാനമാക്കാൻ മടിച്ചില്ല. രാജ്യത്ത് അയാളുടെ കവിതകളുടെ ചർച്ചകൾ നടത്തി. അവസാനം അയാൾ നബി(സ)തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടു. നബി(സ)തിരുമേനിയെ വിരുന്നിനെന്ന പേരിൽ ഉപായം മെനഞ്ഞുകൊണ്ട് തന്റെ വീട്ടിൽ ക്ഷണിക്കുകയും ഏതാനും യുവാക്കളെക്കൊണ്ട് നബി(സ)തിരുമേനിയെ വധിക്കാൻ ആസൂത്രണങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ യഥാസമയം അറിയിപ്പ് ലഭിച്ചതിനാൽ അയാളുടെ ഈ പദ്ധതി വിജയിച്ചില്ല.

കാര്യങ്ങൾ ഇത്രത്തോളമായപ്പോൾ, കഅ്ബിന്നെതിരിൽ കരാർ ലംഘനം, കലാപം, യുദ്ധത്തിനുള്ള ആഹ്വാനം, കുഴപ്പമുണ്ടാക്കൽ, അശ്ലീല സംസാരം, വധശ്രമം എന്നീ കുറ്റങ്ങൾക്ക് നബി(സ)തിരുമേനി ക്ക്, മദീനയിലെത്തിയ ഉടനെ മദീനവാസികളുമായുണ്ടാക്കിയ ഗോത്രങ്ങളുമായുള്ള ഉടമ്പടി അനുസരിച്ച് മതിയായ തെളിവുകൾ ലഭിച്ചു. നബി(സ)തിരുമേനി മദീനയിലെ ജനാധിപത്യ ഭരണകൂടത്തിന്റെ നേതാവും ഉന്നത ഭരണാധിപനുമായിരുന്നു. കഅ്ബ് ബിൻ അശ്റഫിന്റെ കുചെയ്തികൾ കാരണം വധാർഹനാണെന്ന് നബി(സ)തിരുമേനി വിധിച്ചു. തന്റെ സ്വഹാബാക്കളോട് അയാളെ വധിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ, ആ സമയത്ത് കഅ്ബിന്റെ ഫിത്നകൾകൊണ്ടും മദീനയിലുണ്ടായിക്കൊണ്ടിരുന്ന സാഹചര്യം കൊണ്ടും, അയാൾക്കെതിരിൽ പരസ്യമായി വിളംബരപ്പെടുത്തി അയാളെ വധിച്ചാൽ മദീനയിൽ വളരെ രൂക്ഷമായ ആഭ്യന്തര കലഹം ഉണ്ടായേക്കുമോ എന്ന ആശങ്കയുണ്ടായിരുന്നു. അതിൽ എത്രമാത്രം രക്തച്ചൊരിച്ചിൽ ഉണ്ടാകുമെന്ന് പറയാൻ കഴിയില്ല. നബി(സ)തിരുമേനി എല്ലാ നിലക്കും ത്യാഗങ്ങൾ വരിച്ചുകൊണ്ട് ഗോത്രങ്ങൾക്കിടയിൽ രക്തച്ചൊരിച്ചിൽ ഇല്ലാതാക്കാനാണ് ആഗ്രഹിച്ചിരുന്നത്. കാരണം രണ്ടുകൂട്ടരും പരസ്പരം പോരടിച്ചുകൊണ്ട് യഹൂദികളും മുസ്‌ലിമീങ്ങളും പരസ്പരം നഷ്ടമുണ്ടാക്കുകയും ജീവഹാനി വരുത്തുകയും ചെയ്യുന്നത് നബി(സ)തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് നബി(സ)തിരുമേനി കഅ്ബിനെ പരസ്യമായി വധിക്കരുതെന്നും ഏതാനുംപേർ രഹസ്യമായി അനുയോജ്യമായ സന്ദർഭം കണ്ടെത്തി അയാളെ വധിക്കണമെന്നും നിർദ്ദേശിച്ചു. ഇതിന് നബി(സ)തിരുമേനി ഔസ് ഗോത്രത്തിലെ ഒരു വരിഷ്ഠ സ്വഹാബിയായ മുഹമ്മദ് ബിൻ മസ്‌ലമയെയാണ് ചുമതലപ്പെടുത്തിയത്. മാത്രമല്ല ഏതു രീതി അവലംബിക്കുകയാണെങ്കിലും ഔസ് ഗോത്രത്തലവനായ സഅ്ദ് ബിൻ മുആദിനോട് അഭിപ്രായമാരാഞ്ഞശേഷം ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: യാ റസൂലല്ലാഹ്! രഹസ്യമായി വധിക്കണമെങ്കിൽ എന്തെങ്കിലും കാര്യങ്ങൾ അതായത് ഉപായം മെനയേണ്ടിവരും. അതുമുഖേന മാത്രമേ കഅ്ബിനെ അയാളുടെ വീട്ടിൽനിന്ന് പുറത്ത് സുരക്ഷിതമായ ഒരു സ്ഥലത്തെത്തിച്ച് വധിക്കാൻ കഴിയുകയുള്ളൂ. നബി(സ)തിരുമേനി അയാളെ രഹസ്യമായി വധിക്കാനുള്ള രീതി ഒഴിവാക്കിയാൽ ഉണ്ടായേക്കാവുന്ന വലിയ പ്രത്യാഘാതങ്ങളെ പരിഗണിച്ചുകൊണ്ട് അദ്ദേഹത്തിന് അനുമതി നൽകുകയുണ്ടായി. അങ്ങനെ മുഹമ്മദ് ബിൻ മസ്‌ലമ, സഅ്ദ് ബിൻ മുആദുമായി കൂടിയാലോചനക്കുശേഷം അബൂനാഇലയേയും മറ്റു രണ്ട് മൂന്ന് സ്വഹാബിമാരേയും കൂട്ടി കഅ്ബിന്റെ വീട്ടിലെത്തി. കഅ്ബിനെ വീട്ടിനുള്ളിൽനിന്ന് പുറത്തു വിളിച്ചുവരുത്തി പറഞ്ഞു: ഞങ്ങളുടെ സുഹൃത്ത് അതായത് മുഹമ്മദ്(സ) ഞങ്ങളോടു സ്വദഖ ആവശ്യപ്പെടുന്നു. ഞങ്ങൾ വളരെ പ്രയാസത്തിലാണ്. നിങ്ങൾ ഞങ്ങളോടു ഔദാര്യം കാണിച്ച് കുറച്ചു കടം തരുമോ? ഇതു കേട്ടപ്പോൾ കഅ്ബ് സന്തോഷംകൊണ്ട് തുള്ളിച്ചാടി. അയാൾ പറഞ്ഞു: ദൈവത്താണ!നിങ്ങൾ അയാളെ വെറുത്ത് അയാളെ ഉപേക്ഷിക്കുന്ന ദിവസം വിദൂരമല്ല. അപ്പോൾ മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു. ഞങ്ങൾ ഏതായാലും മുഹമ്മദ്(സ)ന്റെ അനുസരണം അംഗീകരിച്ചവരാണ്. ഇനി ഈ പ്രസ്ഥാനത്തിന്റെ പര്യവസാനമെന്തായിരിക്കുമെന്ന് ഞങ്ങൾ വീക്ഷിക്കുകയാണ്. പക്ഷേ, നിങ്ങൾക്ക് കടം തരാൻ പറ്റുമോ എന്ന് പറയുക. കഅ്ബ് പറഞ്ഞു. ശരി, എന്തെങ്കിലും പണയം വെക്കൂ. അയാൾ ആദ്യം സ്ത്രീകളേയും പിന്നെ ആൺമക്ക

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ളേയും പണയം വെയ്ക്കാൻ ആവശ്യപ്പെട്ടു. അത് ഇപ്പോൾ ഞാൻ ബുഖാരിയിലെ ഉദ്ധരണിയിൽ കേൾപ്പിച്ചതാണ്. അവസാനം അയാൾ ആയുധങ്ങൾ പണയം വെക്കുന്നത് അംഗീകരിച്ചു. മുഹമ്മദ് ബിൻ മസ്‌ലമയും കൂട്ടുകാരും രാത്രി വരാമെന്ന് പറഞ്ഞ് തിരിച്ചുപോയി. രാത്രിയായപ്പോൾ ഇവർ ആയുധങ്ങളുമായി കഅ്ബിന്റെ വീട്ടിലെത്തി. അയാളെ വീട്ടിൽനിന്ന് പുറത്തു കൊണ്ടുവന്ന് സംസാരിച്ചുകൊണ്ട് ഒരു ഭാഗത്തേക്ക് കൊണ്ടുപോയി. പിന്നെ കുറച്ചു സമയത്തിനകംതന്നെ അയാളെ കീഴ്പ്പെടുത്തി. ആയുധധാരികളായ സ്വഹാബാക്കളെ അയാൾക്കുമേൽ പ്രയോഗിച്ചു അയാളെ വധിച്ചു. കൊല്ലുകയുണ്ടായി. കഅ്ബ് വധിക്കപ്പെട്ടപ്പോൾ മുഹമ്മദ് ബിൻ മസ്‌ലമയും കൂട്ടുകാരും അവിടെനിന്ന് വിടവാങ്ങി നേരെ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി അയാളെ വധിച്ച വിവരം നൽകുകയുണ്ടായി.

കഅ്ബിന്റെ വധത്തെപറ്റി വാർത്ത പരന്നപ്പോൾ നഗരത്തിൽ അസ്വസ്ഥതയുണ്ടാകാൻ തുടങ്ങി. യഹൂദികൾ നല്ല ആവേശത്തിലായി. രണ്ടാം ദിവസം യഹൂദികളുടെ ഒരു സംഘം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി, തങ്ങളുടെ കഅ്ബ് ബിൻ അശ്റഫിനെ ഇന്ന രീതിയിൽ വധിച്ചിരിക്കുന്നുവെന്ന് പരാതിപ്പെട്ടു. നബി(സ)തിരുമേനി അവരുടെ സംസാരം കേട്ടപ്പോൾ പറഞ്ഞു:കഅ്ബ് ഏതെല്ലാം കുറ്റങ്ങൾക്ക് വിധേയനാണെന്ന് നിങ്ങൾക്കറിയില്ലേ? തുടർന്ന് നബി(സ)തിരുമേനി അയാളുടെ കരാർലംഘനം, യുദ്ധനീക്കം, കലാപശ്രമം, അശ്ലീല ഭാഷണം, വധോദ്യമം തുടങ്ങിയ കാര്യങ്ങൾ ഓർമിപ്പിച്ചു. അപ്പോൾ അവർ ഭയപ്പെട്ട് നിശബ്ദരായി. തുടർന്ന് നബി(സതിരുമേനി അവരോട് പറഞ്ഞു: ഇനിമേലിലെങ്കിലും നിങ്ങൾ സമാധാനത്തോടും സഹകരണത്തോടും കഴിയണം. ശത്രുതയുടെയും കുഴപ്പങ്ങളുടെയും വിത്ത് പാകരുത്. അങ്ങനെ യഹൂദികളുടെ സമ്മതപ്രകാരം പുതിയൊരു ഉടമ്പടി എഴുതിത്തയ്യാറാക്കി. യഹൂദികൾ മുസ്‌ലിമീങ്ങളോടൊപ്പം സമാധാനത്തിൽ കഴിയുമെന്നും, ഫിത്നകളുടെ മാർഗത്തിൽ നിന്ന് വിട്ടുനിൽക്കുമെന്നും പുതിയൊരു ഉടമ്പടി ചെയ്തു. ഈ കരാർപത്രം ഹദ്റത്ത് അലിയുടെ ചുമതലയിലാണ് ഏൽപ്പിച്ചത്.

ഇതിനുശേഷം യഹൂദികൾ എപ്പോഴെങ്കിലും കഅ്ബ് ബിൻ അശ്റഫിന്റെ വധത്തിൽ മുസ്‌ലിമീങ്ങളെ ആരോപണവിധേയരാക്കിയതായി ചരിത്രത്തിൽ എവിടെയും രേഖപ്പെട്ടിട്ടില്ല. കാരണം കഅ്ബ് തനിക്ക് അർഹമായ ശിക്ഷയാണ് വരിച്ചതെന്ന് അവർ മനസ്സിലാക്കിയിരുന്നു. ചുരുക്കത്തിൽ അന്നുണ്ടായിരുന്ന നിയമമനുസരിച്ച് കഅ്ബിനോട് പെരുമാറിയതിനെപറ്റി യഹൂദികൾ നിശബ്ദത പാലിക്കുന്നത് അവർ ഈ ശിക്ഷയെ അംഗീകരിക്കുന്നുവെന്നാണ് വ്യക്തമാക്കുന്നത്.

പിന്നീട് വന്ന ചില ചരിത്രകാരന്മാർ നബി(സ)തിരുമേനി അന്യായമായി ഒരാളെ കൊല്ലാൻ ഇടവരുത്തി എന്നും അത് ശരിയല്ലെന്നും പറയുന്നു. എന്നാൽ, ഒരുകാര്യം വ്യക്തമാക്കട്ടെ, ഇത് അന്യായമായ വധമായിരുന്നില്ല. കാരണം കഅ്ബ് ബിൻ അശ്റഫ്, നബി(സ)തിരുമേനിയുമായി ഉടമ്പടി ചെയ്ത ആളായിരുന്നു. മുസ്‌ലിമീങ്ങൾക്കെതിരിൽ നീക്കം നടത്തുന്നത് പോകട്ടെ, പുറത്തുള്ള ശത്രുക്കൾക്കെതിരിൽ മുസ്‌ലിമീങ്ങളെ സഹായിക്കാമെന്നും മുസ്‌ലിമീങ്ങളുമായി സൗഹാർദ്ദത്തിൽ കഴിയുമെന്നും ഉടമ്പടി ചെയ്തിരുന്നു. ഈ ഉടമ്പടി അനുസരിച്ച് മദീനയിൽ സ്ഥാപിച്ച ജനാധിപത്യ സർക്കാരിന്റെ തലവൻ നബി(സ)തിരുമേനി ആയിരിക്കുമെന്നും എല്ലാതരത്തിലുള്ള വഴക്കുകളിലും മറ്റും നബി(സ)തിരുമേനിയുടെ തീരുമാനം എല്ലാവർക്കും സ്വീകാര്യമായിരിക്കുമെന്നും അയാൾ അംഗീകരിച്ചിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് (റ) എഴുതുന്നു:ഈ ഉടമ്പടി അനുസരിച്ച് യഹൂദികൾ തങ്ങളുടെ കേസുകൾ നബി(സ)തിരുമേനിയുടെ സവിധത്തിൽ കൊണ്ടുവന്നിരുന്നു. നബി(സ)തിരുമേനി അതിൽ വിധികളും പുറപ്പെടുവിച്ചിരുന്നു. ഈയൊരു അവസ്ഥ ഉണ്ടായിട്ടുപോലും കഅ്ബ് എല്ലാ ഉടമ്പടികളേയും കാറ്റിൽപറത്തുകയും അവയെ ഉപേക്ഷിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങളോടു എന്നല്ല, നിലവിലുണ്ടായിരുന്ന ഭരണകൂടത്തിനെതിരിലും കലാപമുണ്ടാക്കുകയാണ് ചെയ്തത്. ഇവിടെ മുസ്‌ലിമീങ്ങളോട് വഞ്ചന കാണിച്ചതല്ല കാര്യം. പ്രത്യുത നിലവിലുണ്ടായിരുന്ന ഭരണകൂടത്തിന്നെതിരിലാണ് കലാപമുണ്ടാക്കിയത്. കാരണം നബി(സ)തിരുമേനി ഭരണകൂടത്തിന്റെ തലവനായിരുന്നു. കഅ്ബ് മദീനയിലെ കലാപങ്ങൾക്ക് വിത്തുപാകുകയും രാജ്യത്ത് യുദ്ധാഗ്നി ആളിക്കത്തിക്കാൻ ശ്രമിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങൾക്കെതിരിൽ അറബ് ഗോത്രങ്ങളെ ഭയാനകമായ നിലയിൽ ഇളക്കിവിട്ടു. നബി(സ)തിരുമേനിയേയും വധിക്കാൻ പദ്ധതിയിട്ടു. മാത്രമല്ല മുസ്‌ലിമീങ്ങൾ അല്ലെങ്കിൽത്തന്നെ നാലു ഭാഗത്തുനിന്നും പ്രശ്നങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന സമയത്താണ് അയാൾ ഇതൊക്കെ ചെയ്തത്. അങ്ങനെ വളരെ പ്രയാസകരമായ സാഹചര്യമാണുണ്ടാക്കിയത്. ഈ സന്ദർഭത്തിൽ കഅ്ബിന്റെ കുറ്റം, അല്ല നിരവധി കുറ്റങ്ങളുടെ സമാഹാരംകൊണ്ട് അയാൾക്കെതിരിൽ ഒരു ശിക്ഷാനടപടിയും എടുക്കാതിരിക്കുകയാണോ വേണ്ടത്? ഇതുകൊണ്ടാണ് ഇത്തരം നടപടിയെടുത്തത്. ഇക്കാലഘട്ടത്തിൽ സംസ്കാര സമ്പന്നരെന്ന് പറയപ്പെടുന്ന രാജ്യങ്ങൾ രാജ്യദ്രോഹം, കരാർലംഘനം, യുദ്ധഭീതി ഉണ്ടാക്കുക, വധോദ്യമം തുടങ്ങിയ കുറ്റങ്ങൾക്ക് വധശിക്ഷ നൽകുന്നില്ലേ? എന്നിരിക്കെ, ഇവിടെ ആക്ഷേപത്തിനെന്ത് പ്രസക്തിയാണുള്ളത്? മറിച്ച് അതെല്ലാം ഇന്നും നടക്കുന്നതാണ്. ഫലസ്തീനും ഇസ്രായേലിനുമിടയിൽ അതേറ്റവും കൂടുതൽ നടക്കുന്നു. അതാകട്ടെ പലനിലക്കും അനുവദനീയമല്ലതാനും! മറ്റൊരു പ്രശ്നം വധിച്ച രീതിയെ പറ്റിയാണ്. എന്തുകൊണ്ടാണ് അയാളെ രഹസ്യമായി, രാത്രിയിൽ വധിച്ചത്? ഇതുസംബന്ധിച്ച് ഒരുകാര്യം ഓർക്കുക, അന്ന് അറേബ്യയിൽ വ്യവസ്ഥാപിതമായ ഒരു ഭരണകൂടവുമില്ലായിരുന്നു. ഒരു നേതാവിനെ നിശ്ചയിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ മാത്രം തീരുമാനമായിരുന്നില്ല ഉണ്ടായിരുന്നത്. പ്രത്യുത സ്വന്തം നിലയ്ക്ക് തീരുമാനമെടുക്കാൻ ഓരോ വ്യക്തിയ്ക്കും ഗോത്രത്തിനും അധികാരമുണ്ടായിരുന്നു. പൊതുവിൽ ഒന്നിച്ചുള്ള തീരുമാനത്തിനാണെങ്കിൽ അത് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തുമായിരുന്നു. സ്വന്തം നിലയ്ക്ക് ഗോത്രങ്ങളും തീരുമാനമെടുത്തിരുന്നു. എന്നിരിക്കെ കഅ്ബിന്നെതിരിൽ കേസ് കൊടുത്ത് വധിക്കാനുള്ള ഉത്തരവ് നേടാൻ ഏത് കോടതിയാണ് അന്നുണ്ടായിരുന്നത്? യഹൂദികളോടാണോ പരാതി പെടേണ്ടിയിരുന്നത്. അയാളാകട്ടെ അവരുടെ നേതാവും മുസ്‌ലിമീങ്ങളോട് വഞ്ചന കാണിച്ച ആളുമായിരുന്നു. അയാൾ ഓരോ ദിവസവും കലാപത്തിന് കോപ്പുകൂട്ടുകയായിരുന്നില്ലേ? അതുകൊണ്ട് പരാതിയുമായി യഹൂദികളുടെ അടുക്കൽ പോകുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. സുലയിം ഗത്ഫാൻ ഗോത്രങ്ങളോടു പരാതിപ്പെടാനാണെങ്കിൽ അവർ കഴിഞ്ഞ മാസം മൂന്നു നാലു പ്രാവശ്യം മദീനയിൽ മിന്നലാക്രമണത്തിന് കോപ്പുകൂട്ടിയിരുന്നു. അതും അവരുടെതന്നെ ഗോത്രങ്ങളായിരുന്നു. അതുകൊണ്ട് അവരിൽനിന്നും നീതി ലഭിക്കുമായിരുന്നില്ല എന്നത് സുവിദിതമാണ്. ഏതായാലും അന്നത്തെ സാഹചര്യങ്ങളെപറ്റി വിലയിരുത്തി നോക്കിയാൽ മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഒരാളുടെ വിദ്രോഹങ്ങളും, യുദ്ധഭീതി ഉണ്ടാകുന്നതും, കലാപവും, വധോദ്യമവും തങ്ങൾക്കും നാടിനും ആപത്താണെന്ന് കാണുകയും ചെയ്യുമ്പോൾ സ്വസംരക്ഷണാർഥം അയാളെ സന്ദർഭം കിട്ടുമ്പോൾ കൊല്ലുകയല്ലാതെ മറ്റെന്തു ചെയ്യാനാണ്? കാരണം സമാധാനകാംക്ഷികളായ നിരവധി പൗരന്മാരുടെ ജീവൻ അപകടത്തിലാകുന്നതിനെക്കാളും രാജ്യത്തിന്റെ സമാധാനം നഷ്ടപ്പെടുന്നതിനെക്കാളും നല്ലത് അതിന് നിമിത്തമായ ദ്രോഹിയും കലാപകാരിയുമായ ആളെ കൊല്ലുന്നതാണ്.

ഫിത്ന കൊലയേക്കാൾ വലുതാണെന്ന് അല്ലാഹുവും പറയുന്നു. ഹിജ്റത്തിനുശേഷം മുസ്‌ലിമീങ്ങൾക്കും യഹൂദികൾക്കുമിടയിലുണ്ടാക്കിയ ഉടമ്പടിയനുസരിച്ച് നബി(സ)തിരുമേനിക്ക് ഒരു സാധാരണ പൗരന്റെ സ്ഥാനമായിരുന്നില്ല ഉണ്ടായിരുന്നത്. മറിച്ച് മദീനയിൽ സ്ഥാപിതമായ ജനകീയസർക്കാരിന്റെ തലവനായിരുന്നു ആ മഹാത്മാവ്. എല്ലാ വഴക്കുകളിലും രാഷ്ട്രസംബന്ധമായ കാര്യങ്ങളിലും സമുചിതമായ തീരുമാനമെടുക്കാൻ നബി(സ)തിരുമേനിയെ അധികാരപ്പെടുത്തിയിരുന്നു.

ചുരുക്കത്തിൽ നബി(സ)തിരുമേനി രാജ്യനന്മയെ ലാക്കാക്കി കഅ്ബിന്റെ കലാപങ്ങൾ കാരണം അയാളെ വധാർഹനെന്ന് പ്രഖ്യാപിച്ചുവെങ്കിൽ അതേപറ്റി ആക്ഷേപിക്കുന്നതിൽ അർഥമില്ല. 1300 വർഷത്തിനുശേഷം ഇസ്‌ലാമിനെ ആക്ഷേപിക്കുന്ന യാഥാസ്ഥിതികരുടേയും ഓറിയന്റിലിസ്റ്റുകളുടേയും ഈ ആക്ഷേപം വങ്കത്തരമാണ്. കാരണം അന്ന് നബി(സ)തിരുമേനിയുടെ കാര്യങ്ങൾ കേട്ടുകഴിഞ്ഞപ്പോൾ യഹൂദികൾ ഒരു ആക്ഷേപവും ഉന്നയിക്കുകയുണ്ടായില്ല.(സീറത്ത് ഖാത്തുമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)പേജ് 466-472)

ഇക്കാലഘട്ടത്തിൽത്തന്നെയാണ് ഹദ്റത്ത് ഹഫ്സ്വ ബിൻത് ഉമറിന്റെ രണ്ടാം വിവാഹവും നടന്നത്. ഹദ്റത്ത് ഹഫ്സ്വ(റ), ഹദ്റത്ത് ഉമറിന്റെ മകളായിരുന്നു. അവരുമായി നബി(സ)തിരുമേനിയുടെവിവാഹത്തെ സംബന്ധിച്ചുള്ള വിവരണം ഇപ്രകാരമാകുന്നു:ഹദ്റത്ത് ഹഫ്സ്വയുടെ ഭർത്താവ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. യുദ്ധത്തിൽനിന്ന് തിരിച്ചുവന്നശേഷം രോഗിയാവുകയും തുടർന്ന് വഫാത്താകുകയും ചെയ്തു. ശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഹഫ്സ്വയെ വിവാഹം ചെയ്തു. ബുഖാരിയിൽ ഇതിന്റെ വിശദീകരണം ഇപ്രകാരം കാണാം:

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറയുന്നു. ഖുനയ്സിന്റെ ഭാര്യയായിരിക്കുന്ന സന്ദർഭത്തിൽ ഹദ്റത്ത് ഉമർ(റ)ന്റെ മകൾ ഹദ്റത്ത് ഹഫ്സ്വ വിധവയായി. അദ്ദേഹം നബി(സ)തിരുമേനിയുടെ കൂടെ ബദ്റിൽ പങ്കെടുത്ത നബിയുടെ സ്വഹാബിയായിരുന്നു. മദീനയിൽവച്ചാണ് അദ്ദേഹം മരിച്ചത്. ഹദ്റത്ത് ഉമർ(റ)പറയുന്നു:അതിനുശേഷം ഞാൻ ഹദ്റത്ത് ഉഥ്മാനെ ചെന്നു കണ്ടു. ഹഫ്സ്വയെ വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടു. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു:എന്റെ കാര്യം ഞാനൊന്ന് ആലോചിക്കട്ടെ. പിന്നീട് കുറെ ദിവസം ഞാൻ പ്രതീക്ഷിച്ചിരുന്നു. അവസാനം ഉഥ്മാൻ(റ)പറഞ്ഞു:ഇപ്പോളെനിക്ക് വിവാഹം വേണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. പിന്നീട് ഉമർ(റ)പറയുന്നു. പിന്നെ ഞാൻ ഹദ്റത്ത് അബൂബക്റിനെ കണ്ട്, താങ്കൾ ആഗ്രഹിക്കുകയാണെങ്കിൽ ഹഫ്സ്വയുടെ വിവാഹം താങ്കളുമായി

നടത്തിതരാമെന്ന് പറഞ്ഞു. ഹദ്റത്ത് അബൂബക്ർ നിശബ്ദത പാലിച്ചു. എനിക്ക് ഒരു മറുപടിയും നൽകിയില്ല. ഹദ്റത്ത് ഉമർ പറയുന്നു:എനിക്ക് ഉഥ്മാന്റെ കാര്യത്തിൽ ഇദ്ദേഹത്തെ അപേക്ഷിച്ച് കൂടുതൽ പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷേ, അദ്ദേഹവും വിസമ്മതിക്കുകയാണുണ്ടായത്. പിന്നെ ഞാൻ കുറച്ച് ദിവസം കാത്തിരുന്നു. തുടർന്ന് നബി(സ)തിരുമേനി ഹദ്റത്ത് ഹഫ്സ്വയുമായി വിവാഹത്തിനുള്ള സന്ദേശമയച്ചു. ഞാൻ തിരുനബിയുമായി അവരുടെ നിക്കാഹ് നടത്തുകയും ചെയ്തു.(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ഹദീഥ് 4005)

സീറത്തുഖാത്തമുന്നബിയ്യീനിൽ ഈ സംഭവത്തെ കുറിച്ച് പറയുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്വാബിന്റെ ഒരു മകളുടെ പേര് ഹഫ്സ്വ എന്നായിരുന്നു. ഇവർ സാത്വികനായ സ്വഹാബിയായിരുന്ന ഖുനയ്സ് ബിൻ ഹുദാഫയുടെ ഭാര്യയായിരുന്നു. നബി(സ)തിരുമേനിയുടെകൂടെ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ബദ്റിനുശേഷം മദീനയിൽ തിരിച്ചെത്തിയപ്പോൾ ഖുനയ്സ്(റ) രോഗിയായി. ഈ രോഗത്തിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ വഫാത്തിന് കുറച്ചു കാലത്തിനുശേഷം ഹദ്റത്ത് ഉമറിന്, ഹഫ്സ്വയുടെ വിവാഹത്തെപ്പറ്റി വേവലാതിയായി. അന്ന് ഹഫ്സ്വയുടെ പ്രായം 20 വയസ്സിലധികമായിരുന്നു. ഹദ്റത്ത് ഉമർ തന്റെ സ്വതസിദ്ധശൈലിയനുസരിച്ച് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനോടു നേരിട്ട് പറഞ്ഞു. എന്റെ മകൾ ഹഫ്സ്വ ഇപ്പോൾ വിധവയാണ്. താങ്കൾ ഇഷ്ടപ്പെടുന്നുവെങ്കിൽ അവളെ താങ്കൾക്ക് വിവാഹം ചെയ്തുതരാം. എന്നാൽ, ഉഥ്മാൻ ഒഴികഴിവ് പറയുകയാണുണ്ടായത്. അതിനുശേഷം ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂബക്റിനോട് സംസാരിച്ചു. പക്ഷേ, അദ്ദേഹം മൗനം പാലിക്കുകയും മറുപടിയൊന്നും നൽകാതിരിക്കുകയും ചെയ്തു. അതിൽ ഉമർ ഏറെ കുണ്ഠിതനായിരുന്നു. അതേ അവസ്ഥയിൽ അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി നബിയോട് എല്ലാ കാര്യങ്ങളും പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: ഉമറേ! അല്ലാഹുവിന് സമ്മതമാണെങ്കിൽ ഹഫ്സ്വക്ക് ഉഥ്മാനെക്കാളും അബൂബക്റിനെക്കാളും നല്ല ഭർത്താവിനെ കിട്ടുന്നതാണ്. ഉഥ്മാന് ഹഫ്സ്വയേക്കാൾ നല്ല ഭാര്യയേയും ലഭിക്കും.

നബി(സ)തിരുമേനി ഇതു പറയാൻ കാരണം അവിടന്ന് ഹഫ്സ്വയെ വിവാഹം കഴിക്കാനും തന്റെ മകൾ ഉമ്മുകുൽഥൂമിനെ ഉഥ്മാനെക്കൊണ്ട് വിവാഹം കഴിപ്പിക്കാനും തീരുമാനിച്ചിരുന്നു. ഇതേക്കുറിച്ച് ഹദ്റത്ത് അബൂബക്റിനും, ഹദ്റത്ത് ഉഥ്മാനും അറിയാമായിരുന്നു. അതുകൊണ്ടാണ് അവർ ഹദ്റത്ത് ഉമറിന്റെ അഭിപ്രായത്തെ നിരസിച്ചത്.

ഇതിനു കുറച്ച് ദിവസങ്ങൾക്കു ശേഷം നബി(സ) തിരുമേനി തന്റെ മകൾ ഉമ്മു കുൽഥൂമിന്റെ വിവാഹം ഹദ്റത്ത് ഉഥ്മാനുമായി നടത്തുകയും അവിടന്ന് ഹഫ്സ്വയുടെ വിവാഹാലോചനക്കു വേണ്ടി ഹദ്റത്ത് ഉമറിന് സന്ദേശമയക്കുകയും ചെയ്തു. ഹദ്റത്ത് ഉമറിന് അതിലും വലുത് എന്താണ് വേണ്ടിയിരുന്നത്? അദ്ദേഹം വളരെ സന്തോഷപൂർവ്വം ഈ വിവാഹം അംഗീകരിച്ചു. ഹിജ്റ 3-ാം വർഷം ശഅ്ബാൻ മാസത്തിൽ ഹദ്റത്ത് ഹഫ്സ്വയുടെ വിവാഹം നബി(സ)തിരുമേനിയുമായി നടക്കുകയും അങ്ങനെ അവർ നബിയുടെ ഭാര്യാപദം അലങ്കരിക്കുകയും ചെയ്തു. ഈ വിവാഹം നടന്നപ്പോൾ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമറിനോട് പറഞ്ഞു: താങ്കളുടെ മനസ്സിൽ എന്നെപ്പറ്റി വല്ല അസ്വസ്ഥതയും ഉണ്ടായിട്ടുണ്ടാകും. വാസ്തവത്തിൽ നബി(സ) തിരുമേനിയുടെ ഉദ്ദേശ്യത്തെപ്പറ്റി എനിക്ക റിവുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനിയുടെ അനുമതിയില്ലാതെ എനിക്ക് ആ രഹസ്യം വെളിപ്പെടുത്താൻ കഴിയുമായിരുന്നില്ല. നബി(സ) തിരുമേനിയുടെ ആഗ്രഹമില്ലായിരുന്നുവെങ്കിൽ ഞാൻ സന്തോഷപൂർവ്വം ഹഫ്സ്വയെ വിവാഹം കഴിക്കുമായിരുന്നു.

ഹഫ്സ്വയുമായുള്ള വിവാഹത്തിലുണ്ടായിരുന്ന ഒരു പ്രധാന സംഗതിയെന്തെന്നാൽ, അവർ ഹദ്റത്ത് ഉമറിന്റെ മകളായിരുന്നു. അദ്ദേഹമാകട്ടെ ഹദ്റത്ത് അബൂബക്റിനുശേഷം എല്ലാ സ്വഹാബാക്കളേക്കാളും ശ്രേഷ്ഠനാണെന്ന് ഗണിക്കപ്പെട്ടിരുന്നു. നബി(സ)തിരുമേനിയുടെ ഏറ്റവും അടുത്ത പ്രമുഖരിൽപെട്ട ആളുമായിരുന്നു. പരസ്പരമുള്ള ബന്ധം കൂടുതൽ സുദൃഢമാക്കാനും ഖുനയ്സ് ബിൻ ഹുദാഫയുടെ അകാലമരണത്തിൽ ഹദ്റത്ത് ഉമറിനും ഹഫ്സ്വക്കുമുണ്ടായ വേദന അകറ്റുന്നതിനും നബി(സ)തിരുമേനി ഹഫ്സ്വയുമായി വിവാഹം നടത്തുന്നത് ഉചിതമാണെന്ന് കരുതി. മറ്റൊരു കാര്യമെന്തെന്നാൽ, നബി(സ)തിരുമേനിക്ക് എത്രമാത്രം ഭാര്യമാരുണ്ടാകുന്നുവോ അത്രമാത്രം മനുഷ്യകുലത്തിന്റെ പകുതിഭാഗം വരുന്ന സ്ത്രീകളിൽ എന്നല്ല മറ്റൊരുവീക്ഷണത്തിൽനോക്കിയാൽ പകുതിയിലേറെ വരുന്ന സ്ത്രീകളിൽ തബ്ലീഗ്, തഅ്ലീം തുടങ്ങിയവയും കൂടുതൽ വിപുലമായും കൂടുതൽ എളുപ്പത്തിലും കൂടുതൽ നല്ലനിലയിലും സാധ്യമാകുമായിരുന്നു.(സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ. പേജ് 480)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വീണ്ടും പറയുന്നു: വിവാഹസമയത്ത് ഹദ്റത്ത് ഹഫ്സ്വയുടെ പ്രായം ഏകദേശം 21 വയസ്സായിരുന്നു. ഹദ്റത്ത് ആഇശക്കുശേഷം അവർ, സ്വഹാബാക്കളിലെ ഏറ്റവും ഉന്നതനായ വ്യക്തിയുടെ മകളായിരുന്നു.

നബി(സ)തിരുമേനിയുടെ സഹധർമ്മിണിമാരിൽ അവർക്ക് ഒരു പ്രത്യേക സ്ഥാനവുമു ണ്ടായിരുന്നു. ഹദ്റത്ത് ആഇശയുമായും നല്ല ബന്ധമായിരുന്നു. ബന്ധങ്ങളിൽ സാധാരണ ഉണ്ടാകാറുള്ളതുപോലെ പലപ്പോഴും അസ്വസ്ഥതയുണ്ടായിരുന്നതൊഴിച്ചാൽ അവരിരുവരും നല്ല സ്നേഹബന്ധത്തിലാണ് കഴിഞ്ഞിരുന്നത്. ഹദ്റത്ത് ഹഫ്സ്വക്ക് എഴുത്തും വായനയും അറിയാമായിരുന്നു. ഹദീഥിലെ നിവേദനങ്ങളിൽ പറയുന്നു: അവർ ഒരു സ്വഹാബിവനിതയായിരുന്നു. ഒരു സ്ത്രീസ്വഹാബി ശിഫാ ബിൻത് അബ്ദുല്ലായിൽനിന്നാണ് അവർ എഴുത്തും വായനയും പഠിച്ചത്. അവർ ഹിജ്റ വർഷം 49-ൽ വഫാത്തായി. ആ സമയത്ത് അവർക്ക് ഏകദേശം 63 വയസ്സായിരുന്നു.

ഇക്കാലഘട്ടത്തിലാണ് ഹദ്റത്ത് ഇമാം ഹസൻ ജനിക്കുന്നത്. ഹദ്റത്ത് ഇമാം ഹസൻ ബിൻ അലി ബിൻ അബൂത്വാലിബ് ഹിജ്റ മൂന്നാം വർഷം റമളാൻ മധ്യത്തിലാണ് ജനിച്ചത്. അദ്ദേഹം ഹിജ്റ 3-ാം വർഷം ശഅ്ബാൻ മാസത്തിലാണ് ജനിച്ചതെന്നും ചിലർ പറയുന്നു. മറ്റു ചിലർ, ഉഹദ് യുദ്ധത്തിന് ഒരു വർഷത്തിനു ശേഷമെന്നും, വേറെ ചിലർ രണ്ട് വർഷം കഴിഞ്ഞെന്നും പറയുന്നു. ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: ആദ്യത്തെ അഭിപ്രായം കൂടുതൽ ശരിയും സ്ഥായിയുമാകുന്നു. ഹദ്റത്ത് അലി അദ്ദേഹത്തിന്റെ പേര് ഹർബ് എന്നാണ് വെച്ചത്. നബി(സ) അത് മാറ്റി ഹസൻ എന്നാക്കി. ജനനത്തിന്റെ 7-ാം ദിവസം നബി(സ) തിരുമേനി അഖീഖ നടത്തുകയും തല മുണ്ഡനം ചെയ്യുകയുമുണ്ടായി. പ്രസ്തുത മുടിക്ക് തുല്യമായ വെള്ളി ദാനധർമ്മം ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ഉമ്മുഫള്‌ൽ, ഒരിക്കൽ പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങയുടെ ഒരു അവയവം എന്റെ വീട്ടിലാണെന്ന്, അഥവാ എന്റെ മുറിയിലാണെന്ന് ഞാൻ ഒരു സ്വപ്നം കണ്ടിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു, നീ നല്ല സ്വപ്നമാണ് കണ്ടിരിക്കുന്നത്. ഫാതിമക്ക് ഒരു കുട്ടി ജനിക്കുകയും നീ അതിനെ പരിപാലിക്കുകയും ഖുഥമിനോടൊപ്പം നീ അവനും മുലയൂട്ടുന്നതുമാണ്. ഉമ്മു ഫള്‌ൽ നബി(സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് അബ്ബാസിന്റെ ഭാര്യയായിരുന്നു. ഖുഥമും അവരുടെ മകന്റെ പേരാകുന്നു. അങ്ങനെ ഹദ്റത്ത് ഹസൻ ജനിക്കുകയും, ഉമ്മുഫള്‌ൽ ഖുഥമിനോടൊപ്പം ഈ കുട്ടിക്കും മുലയൂട്ടുകയും ചെയ്തു.

ഹദ്റത്ത് ഹസൻ ബിൻ അലിയോട് താങ്കൾക്ക് നബി(സ)തിരുമേനിയുടെ വല്ല കാര്യങ്ങളും ഓർമയുണ്ടോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:എനിക്ക് നബി(സ)തിരുമേനിയുടെ ഒരു സംഭവം ഓർമയുണ്ട്. ഒരിക്കൽ സ്വദഖയുടെ ഈന്തപ്പഴങ്ങളിൽനിന്ന് ഒന്നെടുത്ത് ഞാൻ വായിൽവച്ചപ്പോൾ അവിടന്ന് അത് എന്റെ വായിൽ നിന്നെടുത്ത് മാറ്റുകയുണ്ടായി. അതിൽ എന്റെ ഉമിനീർ പറ്റിയിരുന്നു. അത് സ്വദഖയുടെ ഈന്തപ്പഴങ്ങളിലിട്ടു. ആരോ ചോദിച്ചു: യാ റസൂലല്ലാഹ്! ഈ ഈന്തപ്പഴത്തിന്റെ കാര്യം എന്താണ്?

അവിടന്ന് പറഞ്ഞു. ഞങ്ങൾക്ക് അതായത് മുഹമ്മദ്(സ)ന്റെ കുടുംബത്തിന് സ്വദഖ അനുവദനീയമല്ല.

ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം. ഹദ്റത്ത് ഹസനെക്കാളും നബി(സ)തിരുമേനിയുമായി സാദൃശ്യമുള്ള മറ്റാരുമില്ലായിരുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ) തിരുമേനി ഒരിക്കൽ ഹദ്റത്ത് ഹസനെ തന്റെ തോളിലേറ്റിയപ്പോൾ ആരോ പറഞ്ഞു മകനേ, എത്ര നല്ല സവാരിയാണ്.അപ്പോൾ അവിടന്ന്(സ) പറഞ്ഞു: സവാരി ചെയ്യുന്ന വ്യക്തിയും നല്ലതു തന്നെ. നബി(സ)തിരുമേനിക്ക് തന്റെ ദൗഹിത്രനോടു വളരെയേറെ സ്നേഹമായിരുന്നു.

ഹദ്റത്ത് ബറാഅ്(റ)വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനിയെ കണ്ടു. അവിടന്ന് ഹസൻ ബിൻ

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

അലിയെ തന്റെ തോളിലേറ്റി നടക്കുകയായിരുന്നു. അവിടന്ന് ഇങ്ങനെ പറയുന്നുണ്ടായിരുന്നു: അല്ലാഹുവേ! ഞാൻ ഇവനെ സുഹൃത്താക്കിയിരിക്കുന്നു. നീയും ഇവനെ സുഹൃത്താക്കിയാക്കിയാലും.

ഹദ്റത്ത് ഹസൻ വഫാത്തായത് വിഷം ഉള്ളിൽ ച്ചന്നാണ് ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. (അൽ ഇസ്വാബ, വാള്യം 1, പേജ് 492, അൽ ഹസൻ ബിൻ അലി, ദാറുൽഫിക്ർ ബെയ്റുത്ത് 2001)(ഉസുദുൽഗാബ വാള്യം 2, പേജ് 13-16, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇമാം ഹസൻ(റ)ന്റെ ജാനനത്തെ സംബന്ധിച്ച് പറയുന്നു: ഹിജ്റ രണ്ടാംവർഷത്തിലെ സംഭവങ്ങളിൽ ഹദ്റത്ത് അലിയുടെയും ഹദ്റത്ത് ഫാത്വിമയുടെയും വിവാഹത്തെപ്പറ്റി പരാമർശിച്ചുകഴിഞ്ഞതാണ്. അവർക്ക് ഹിജ്റ മൂന്നാം വർഷം റമളാനിൽ അതായത് വിവാഹത്തിന് പത്ത് മാസത്തിനുശേഷം ഒരു കുഞ്ഞ് പിറന്നു. നബി(സ) തിരുമേനി കുട്ടിക്ക് ഹസൻ എന്ന് പേരിട്ടു. ആ ഹസൻ തന്നെയാണ് പിന്നീട് മുസ്ലിമീങ്ങൾക്കിടയിൽ ഇമാം ഹസൻ(റഹ്) എന്ന പേരിൽ അറിയപ്പെട്ടത്. ഹസൻ തന്റെ രൂപപ്രകൃതത്തിൽ നബി(സ)തിരുമേനിയുമായി വളരെയേറെ സാദൃശ്യമുള്ള ആളായിരുന്നു. നബി(സ)തിരുമേനിക്ക് തന്റെ മകൾ ഫാത്വിമയോടുണ്ടായിരുന്നതുപോലെതന്നെ ഹദ്റത്ത് ഫാത്വിമയുടെ മക്കളോടും പ്രത്യേക സ്നേഹമുണ്ടായിരുന്നു. നബി(സ)തിരുമേനി പലപ്പോഴും ഇങ്ങനെ പറയുമായിരുന്നു: അല്ലാഹുവേ, ഞാൻ ഈ കുട്ടികളെ സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിച്ചാലും;ഇവരെ സ്നേഹിക്കുന്നവരേയും സ്നേഹിച്ചാലും.

പലപ്പോഴും നബി(സ)തിരുമേനി നമസ്കാരത്തിലായിരിക്കുമ്പോൾ ഹദ്റത്ത് ഹസൻ നബി(സ) തിരുമേനിയെ കെട്ടിപിടിക്കുമായിരുന്നു. റുക്കൂഇൽ പോകുമ്പോൾ കാലുകൾക്കിടയിലൂടെ വഴിയുണ്ടാക്കി പോകുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ സ്വഹാബാക്കൾ കുട്ടിയെ തടയാൻ ശ്രമിക്കുമ്പോൾ അവിടന്ന് തടയേണ്ടെന്ന് പറഞ്ഞ് വിലക്കുമായിരുന്നു. വാസ്തവത്തിൽ കുട്ടി കെട്ടിപ്പിടിക്കുന്നതുകൊണ്ട് നബി(സ) തിരുമേനിയുടെ ശ്രദ്ധ തെറ്റിയിരുന്നില്ല. അതുകൊണ്ട് കുട്ടിയുടെ നിഷ്കളങ്കമായ സ്നേഹത്തേയും കുട്ടിത്വത്തേയും വിലക്കാൻ ആഗ്രഹിച്ചില്ല. ഒരിക്കൽ നബി(സ)തിരുമേനി ഇമാം ഹസനെ സംബന്ധിച്ച് പറഞ്ഞു: എന്റെ ഈ കുട്ടി സയ്യിദ് അഥവാ നേതാവാകുന്നു. ഒരുകാലത്ത് അല്ലാഹു ഇവൻ മുഖേന മുസ്ലിമീങ്ങളുടെ രണ്ട് കക്ഷികൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതായിരിക്കും. അങ്ങനെ ഈ പ്രവചനം യഥാസമയം പൂർത്തിയാവുകയും ചെയ്തു.(സീറത്ത് ഖാത്തുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 480-481)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഹദ്റത്ത് ഇമാം ഹസൻ എന്റെ വീക്ഷണത്തിൽ ഖിലാഫത്തിൽനിന്നുമാറി വളരെ നല്ല കാര്യമാണ് ചെയ്തത്. നേരത്തെതന്നെ ആയിരക്കണക്കിനാളുകളുടെ രക്തം ചിന്തിയിരുന്നു. അദ്ദേഹം വീണ്ടും രക്തച്ചൊരിച്ചിൽ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് മുആവിയായിൽനിന്ന് ജീവിതച്ചെലവു വാങ്ങി ഹദ്റത്ത് ഹസൻ അനുരഞ്ജന കരാറുണ്ടാക്കി. ഹദ്റത്ത് ഹസൻ ഈ പ്രവർത്തിയിൽ ഭാഗഭാക്കായിരുന്നു. അതുകൊണ്ടാണ് ശിയാക്കൾ ഇമാം ഹസന്റെ കാര്യത്തിൽ അത്ര സന്തുഷ്ടരല്ലാത്തത്. പക്ഷേ, നമ്മൾ രണ്ടുപേരേയും സ്തുതിക്കുന്നു. അതായത് ഹസനേയും ഹുസയ്നേയും. വാസ്തവത്തിൽ ഓരോ വ്യക്തിയുടേയും വെവ്വേറെ ഗുണങ്ങളാണുള്ളത്. ഹദ്റത്ത് ഇമാം ഹസൻ മുസ്ലിമീങ്ങൾക്കിടയിൽ ആദ്യന്തം യുദ്ധം വർധിക്കണമെന്നും രക്തച്ചൊരിച്ചിലുണ്ടാകണമെന്നും ആഗ്രഹിച്ചില്ല. അദ്ദേഹം സമാധാനത്തിനാണ് മുൻഗണന നൽകിയത്. എന്നാൽ, ഹദ്റത്ത് ഹുസയ്ൻ ധിക്കാരിയുടെ കൈയിൽ ബയ്അത്ത് ചെയ്യാൻ ഇഷ്ടപ്പെട്ടില്ല. കാരണം അതുകൊണ്ട് ദീനിൽ പ്രയാസങ്ങൾ ഉണ്ടാകുന്നതാണ്. രണ്ടുപേരുടേയും ഉദ്ദേശ്യം നല്ലതായിരുന്നു. ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത് കർമ്മഫലം ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണ്.(മൽഫൂദാത്ത് വാള്യം 8, പേജ് 278-279, 1984 പതിപ്പ്). ഇതാണ് ആകുട്ടികളുടെ കഥ.

ഞാൻ കഴിഞ്ഞ കുറേ ഖുത്ബകളിൽ ഫലസ്തീനികൾക്കുവേണ്ടി ദുആ ചെയ്യാൻ പറഞ്ഞിരുന്നു. ഇന്നും ഇതേക്കുറിച്ച് പറയാനാഗ്രഹിക്കുന്നു. ദുആകൾ തുടർന്നുകൊണ്ടേയിരിക്കുക. ഇപ്പോൾ അക്രമം അതിന്റെ പരകോടിയിലെത്തിയിരിക്കുകയാണ്. ഹമാസിനോടുള്ള യുദ്ധമെന്ന പേരിൽ നിർദോഷികളായ കുട്ടികളേയും സ്ത്രീകളേയും വൃദ്ധന്മാരേയും രോഗികളേയും കൊന്നൊടുക്കുകയാണ്. എല്ലാത്തരം യുദ്ധനിയമങ്ങളേയും വ്യവസ്ഥിതികളേയും നാമമാത്ര പരിഷ്കൃതലോകം പുറന്തള്ളിയിരിക്കുന്നു. അല്ലാഹു മുസ്ലിം രാജ്യങ്ങൾക്ക് ബുദ്ധി നൽകുമാറാകട്ടെ.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) 72, 73 വർഷം മുമ്പേ മുസ്ലിമീങ്ങൾ ഒന്നിക്കണമെന്ന് പറഞ്ഞുകൊണ്ട് മുന്നറിയിപ്പ് നൽകിയിരുന്നു. ഒറ്റയ്ക്കൊറ്റക്ക് മരിക്കണമോ ഓരോരുത്തരായി സ്വയം നശിക്കണമോ അതല്ല ഒരൊറ്റകെട്ടായി നിലനിൽക്കണമോ എന്ന് തീരുമാനിക്കുക. ഇതിവർ ഇപ്പോഴെങ്കിലും മനസ്സിലാക്കി യിരുന്നെങ്കിൽ! ഹാ! എത്ര നന്നായേനേ.

അവസ്ഥകളെപ്പറ്റി ഒരാൾ എന്നോടു പറഞ്ഞത് ഉംറക്ക് പോകുന്നവരോട് അവിടെപോയി ഫലസ്തീൻ -ഇസ്രായീൽ യുദ്ധത്തെപ്പറ്റി ഒന്നും പറയരുതെന്ന് അവിടെയുള്ള ഭരണകൂടം വിസ നല്കുമ്പോൾ നിർദ്ദേശം നല്കുന്നുവെന്നാണ്. ഇത് ശരിയാണെങ്കിൽ അത് മുസ്ലിം ഭരണകൂടങ്ങളുടെ വളരെ ഭീരുത്വം നിറഞ്ഞ നിലപാടാണ്. ഏതായാലും ഉംറയുടെ ആരാധന യഥാവിധി നിർവഹിക്കപ്പെടണം. ഇതിനിടയിൽ ഇത്തരം വർത്തമാനങ്ങളൊന്നും ഏതായാലും ഉണ്ടാകില്ല. എന്നാൽ, മർദ്ദിതരായ ഫലസ്തീനുകൾക്കുവേണ്ടി തീർച്ചയായും പ്രാർഥിക്കേണ്ടതാണ്. അവിടെ പോകുന്നവർ ഈ പ്രാർഥനയും ചെയ്തെങ്കിൽ എത്ര നന്നായിരുന്നു. മുസ്ലിം ഭരണകൂടങ്ങളും ഇപ്പോൾ ശബ്ദമുയർത്തുന്നുണ്ടെങ്കിലും വളരെ ദുർബലമായ ശബ്ദമാണ്. ചിലർ ശബ്ദമുയർത്തുന്നു. ഇതിനേക്കാൾ ശക്തമായി അമുസ്ലിമീങ്ങളും ജനങ്ങളും രാഷ്ട്രീയക്കാരും ഭരണകൂടങ്ങളും ശബ്ദമുയർത്തുന്നുണ്ട്. അല്ലാഹു മുസ്ലിമീങ്ങൾക്കും ആർജവവും വിവേകവും നല്കുമാറാകട്ടെ. യു.എന്നിന്റെ സെക്രട്ടറി ജനറലും നന്നായി പറയുന്നുണ്ട്. ഇപ്പോൾ കൂടുതൽ നന്നായി സംസാരിക്കുന്നുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ ശബ്ദത്തിന് ഒരു പ്രസക്തിയുമില്ലെന്നാണ് തോന്നുന്നത്. ഈ യുദ്ധത്തിനുശേഷം അതായത് ഇതു കൂടുതൽ വ്യാപിച്ചാൽ ആഗോളയുദ്ധമായി മാറിയാൽ യു.എൻ.ഒ. കഥാവശേഷമാകുന്നതായിരിക്കും. അല്ലാഹു ലോകത്തിന് ബുദ്ധി നല്കുമാറാകട്ടെ. ലോകം അതിന്റെ നാശത്തെ വളരെ സമീപസ്ഥമാക്കിക്കൊണ്ടിരിക്കുകയാണെന്ന് തോന്നുന്നു. ഈ നാശത്തിനുശേഷം ബാക്കിയാകുന്നവർക്ക് അല്ലാഹു ബുദ്ധിനല്കുമാറാകട്ടെ. അവർ അല്ലാഹുവിലേക്ക് ശ്രദ്ധിക്കുന്നവരാകുമാറാകട്ടെ. അവനിലേക്ക് തിരിയുന്നവരാകട്ടെ. ഏതായാലും നമ്മൾ ഇത് സംബന്ധിച്ച് നല്ലപോലെ പ്രാർഥിക്കേണ്ടതാണ്. അല്ലാഹു ലോകത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. (വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി)

മസ്ജിദ് അല്ലാഹുവിന്റെ വീടാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്. നബി(സ)തിരുമേനിയുടെ മദീനാ പലായനത്തിനുശേഷം മക്കാ നിഷേധികൾ നബി(സ)തിരുമേനിയെ ആക്രമിച്ചപ്പോൾ മുസ്ലിമീങ്ങളുടെ കൈയിൽ ഒരു യുദ്ധായുധവുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് കൽപന വന്നു. ഇപ്പോൾ ക്ഷമ അതിരുകടന്നിരിക്കുന്നു. 13 വർഷംവരെ നീ ക്ഷമിച്ചു. ഇനി ശത്രുവിന്റെ കൈകൾ തടയേണ്ടി വരും. ശക്തമായ മറുപടി നല്കേണ്ടിയുംവരും. എന്നാൽ, ശക്തി എന്താണ്? കേവലം മുസ്ലിമീങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അങ്ങനെ ഒരിക്കലുമല്ല! അവിടന്ന് പറഞ്ഞു: ഇന്നവരുടെ മേൽ ബലം പ്രയോഗിച്ചില്ലെങ്കിൽ മതത്തിന്റെ ശത്രുക്കളായ ഇവർ ദൈവഭവനങ്ങളെ ജനനിബിഡമാക്കി വെക്കാൻ സമ്മതിക്കുകയില്ല. ഒരു മതവുമായും ബന്ധം നിലനിറുത്താനും ആരാധനാലയങ്ങളെ ജനനിബിഡമാക്കി വെക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം ഇവർ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഇത് രേഖപ്പെട്ടുകിടക്കുന്നു. അവരുടെ കൈകൾ തടയാതിരുന്നാൽ ചർച്ചുകളോ സിനഗോഗോ മറ്റു ആരാധനാലയങ്ങളോ മസ്ജിദുകളോ ശേഷിക്കുകയില്ല. മുസ്ലിമീങ്ങൾ കേവലം മസ്ജിദുകൾ മാത്രമല്ല പ്രത്യുത ഓരോ ആരാധനാലയത്തേയും പ്രതിരോധിക്കുന്നുവെന്ന് ചുരുക്കം!

**(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്)**

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്ബ 4-10-2019)**

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

## ഖുത്ബ് ജുമുഅ

- ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ലിഖിതങ്ങളിലും പാഠങ്ങളിലും നിരവധി സ്ഥലങ്ങളിൽ ആഗമനോദ്ദേശ്യവും ഇക്കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവിന്റെ ആഗമനത്തിന്റെ ആവശ്യകതയും വിവരിച്ചിട്ടുണ്ട്.
- യാഥാർഥ്യമെന്തെന്നാൽ നുബൂവ്വത്ത് വാദിക്കുന്ന വ്യക്തിയുടെ കാര്യത്തിൽ ആദ്യം നോക്കേണ്ടത് കാലഘട്ടത്തിന് അത് ആവശ്യമുണ്ടോ എന്നതാണ്. പിന്നെ ആ വ്യക്തി നബിമാർ പ്രവചിച്ച സമയത്തുതന്നെയാണോ വന്നതെന്ന് നോക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ദൈവം അദ്ദേഹത്തെ സഹായിക്കുന്നുണ്ടോ എന്നും ചിന്തിക്കണം. കൂടാതെ ശത്രുക്കൾ അദ്ദേഹത്തിനുമേൽ ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്ക് പൂർണമായ നിലയിൽ മറുപടി നൽകപ്പെട്ടിട്ടുണ്ടോ എന്നും ശ്രദ്ധിക്കണം. ഇക്കാര്യങ്ങളെല്ലാം സാക്ഷാത്കരിക്കപ്പെടുന്നുവെങ്കിൽ മാത്രമേ അയാൾ സത്യവാനാണെന്ന് അംഗീകരിക്കപ്പെടുകയുള്ളൂ.
- ഇന്ന് വീണ്ടും ദൃഢവിശ്വാസം പ്രദാനം ചെയ്ത് ഈമാനിന്റെ വേരുകൾക്ക് വെള്ളം കോരുകയും ഇപ്രകാരംതന്നെ തിന്മയിൽനിന്നും പാപത്തിൽനിന്നും വിടുവിച്ച് നന്മയിലേക്കും സത്യത്തിലേക്കും മടക്കിക്കൊണ്ടുവരുകയും ചെയ്യുന്ന ഒരു ദൈവപരിഷ്കർത്താവിന്റെ ആവശ്യമുണ്ടെന്നതിൽ സംശയമില്ല.
- എതിരാളികളുടെ എതിർപ്പുണ്ടായിട്ടും ജമാഅത്തംഗങ്ങളുടെ ഈമാനിനെ അല്ലാഹു ശക്തിപ്പെടുത്തി. ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.
- പഴയ അഹ്മദികളും ചിന്തിക്കേണ്ട അവസരമാണിത്. അവരും പ്രബോധനകർമങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.
- പഴയ അഹ്മദികളായാലും വേണ്ടില്ല പുതിയ അഹ്മദികളായാലും വേണ്ടില്ല തങ്ങളുടെ ഈമാൻ ശക്തമായിരിക്കാനും ദൃഷ്ടാന്തങ്ങൾ കാണാനും സന്മാർഗം നല്കിക്കൊണ്ടിരിക്കാനും അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.
- ബുർക്കിനോഫാസോയിലെ അഹ്മദികൾ തങ്ങളുടെ ജീവൻനല്കി അവിടുത്തെ അഹ് മദികളുടെ ഈമാൻ ദുർബലമാക്കുകയല്ല ചെയ്തത്. പ്രത്യുത ഓരോ ദിവസവും അവരുടെ ഈമാനിൽ ശക്തിവന്നുകൊണ്ടിരിക്കുന്നു.
- അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത ജനങ്ങളിൽ സ്ഥാപിക്കുക മാത്രമല്ല ചെയ്യുന്നത് പ്രത്യുത ഖിലാഫത്ത് വ്യവസ്ഥിതിയോടു തന്റെ സഹായത്തിന്റെ ദൃശ്യം കാണിക്കുകയും ചെയ്യുന്നു.
- ക്രിസ്ത്യാനികൾ ലോകത്ത് തങ്ങളുടെ പതാക നാട്ടുമെന്ന് പറഞ്ഞ കാലമെവിടെ? ഇപ്പോൾ ക്രിസ്ത്യാനികൾ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ പതാകക്ക് കീഴിൽ വരികയാണ്. ഇതെല്ലാം കാണുമ്പോഴും മതത്തിന്റെ കൊട്ടേഷൻ എടുത്തിട്ടുള്ള ഇവരുടെ കണ്ണുകൾ തുറക്കുന്നില്ലെങ്കിൽപ്പിന്നെ കാര്യങ്ങൾ അല്ലാഹുവുമായിട്ടാണ്.
- ഓരോ അഹ്മദിയും മനസ്സിലാക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങൾ അംഗീകരിക്കുകയും ചെയ്താൽ മാത്രം പോരാ. മറിച്ച് നമുക്കുള്ളിൽ പരിശുദ്ധമാറ്റം ഉണ്ടാക്കേണ്ടതാണ്. അത് അല്ലാഹു അയച്ച അധ്യാപനത്തിന്റെ യഥാർഥ മാതൃകയായിരിക്കണം. അത് നബി(സ)തിരുമേനിയുടെ ചര്യയിൽ ചരിക്കുന്നതിന്റെ കർമരൂപമായിരിക്കണം. ഇതുണ്ടാകുമ്പോൾ മാത്രമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകാനും കഴിയുകയുള്ളൂ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ.
- ഇതെല്ലാം ഇവിടെ ഒതുങ്ങുമെന്ന് അവർ കരുതുന്നു. എന്നാൽ ബുദ്ധിയുള്ളവർ പറയുന്നു: ഈ യുദ്ധം ഈ പ്രദേശങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച്, പുറത്തേക്കും വ്യാപിക്കുന്നതാണ്. അവരുടെ രാഷ്ട്രങ്ങളിലേക്കുമെത്തുന്നതാണ്.
- സഊദി രാജാവ്, മുസ്ലിമീങ്ങൾ ഒരൊറ്റ ശബ്ദമാകണമെന്ന് പറഞ്ഞത് കേട്ടു. അത് ഇന്ന് ഒരൊറ്റ ശബ്ദമായി മാറണം. അതിനുവേണ്ടി നല്ലപോലെ പരിശ്രമിക്കേണ്ടതായി വരും.
- ഈ ബോധം അവർക്കുണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹു അവർക്ക് അത് പ്രാവർത്തികമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ. ഏതായാലും ദുആകളിൽ കൂടുതൽ ശ്രദ്ധിക്കുക.
- പീഢിതരായ ഫലസതിൻ ജനതയ്ക്കുവേണ്ടി ദുആ ചെയ്യുക

### ഖുത്ബ ജുമുഅ 2023 നവംബർ 24, 1402 നുബുവ്വത്ത് 24
### മസ്ജിദ് മുബാറക്ക് ഇസ്ലാമാബാദ് യു.കെ

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ലിഖിതങ്ങളിലും പാഠങ്ങളിലും നിരവധി സ്ഥലങ്ങളിൽ ആഗമനോദ്ദേശ്യവും ഇക്കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവിന്റെ ആഗമനത്തിന്റെ ആവശ്യകതയും വിവരിച്ചിട്ടുണ്ട്. താൻ അല്ലാഹുവിൽനിന്ന് വന്നത് കാലഘട്ടത്തിന്റെ അനിവാര്യഘട്ടത്തിലായിരുന്നുവെന്നും അത് അല്ലാഹുവിന്റെ നടപടിക്രമവും നബി(സ) തിരുമേനിയുടെ പ്രവചനപ്രകാരവുമായിരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആ മഹാത്മാവ് പറയുന്നു:ന്യായപൂർത്തീകരണത്തിനുവേണ്ടി ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ, അല്ലാഹു ഇക്കാലഘട്ടത്തെ അന്ധകാരത്തിലും ലോകം അശ്രദ്ധയിലും കുഫ്റിലും ശിർക്കിലും ആണ്ടിരിക്കുന്നതായും വിശ്വാസവും സത്യസന്ധതയും ദൈവഭക്തിയും നന്മയും ക്ഷയിക്കുന്നതായും കണ്ടപ്പോൾ വീണ്ടും ലോകത്ത് വൈജ്ഞാനികവും കർമപരവും ധാർമികവും വിശ്വാസത്തിലെ സത്യസന്ധതയും സ്ഥാപിക്കാനും തത്ത്വചിന്തയുടേയും പ്രകൃതിവാദത്തിന്റേയും ഭൗതികേച്ഛയുടേയും ബഹുദൈവാരാധനയുടേയും നിർമതവാദത്തിന്റേയും മേലങ്കിയണിഞ്ഞ് ഇസ്ലാമിനും ദൈവികപൂങ്കാവനത്തിനും നഷ്ടം വരുത്താൻ ആക്രമണം നടത്തുന്നവരിൽനിന്ന് രക്ഷിക്കാനുംവേണ്ടി എന്നെ അയച്ചിരിക്കുന്നു. ആയതിനാൽ അല്ലയോ സത്യാന്വേഷികളേ! ഈ സമയംതന്നെയല്ലേ ഇസ്ലാമിന് ദൈവികസഹായം ആവശ്യമായിട്ടുള്ളത്? കഴിഞ്ഞ പതിമൂന്ന് നൂറ്റാണ്ടിൽ ഇസ്ലാമിന് എന്തെന്തെല്ലാം വേദനകളാണുണ്ടായതെന്നും ദുർമാർഗത്തിന്റെ അധ്യാപനം കാരണം എന്തെന്തെല്ലാം അസഹനീയമായ പരിക്കുകളാണ് നമുക്കേ


**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)

tectona



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

റ്റതെന്നും ഇനിയും നിങ്ങൾക്ക് വ്യക്തമായിട്ടില്ലേ? എന്തെന്തെല്ലാം വിപത്തുകളാണ് ഇസ്‌ലാമിനെ വലയം ചെയ്തിരിക്കുന്നതെന്ന് ഇനിയും നിങ്ങൾക്കു മനസ്സിലായിട്ടില്ലേ? എത്രകണ്ട് ആളുകളാണ് ഇസ്‌ലാമിൽനിന്ന് പുറത്തുപോയതെന്നും ക്രിസ്ത്യാനികളിൽ ചേർന്നതെന്നും പ്രകൃതിവാദികളായതെന്നും, എത്രമാത്രം ശിർക്കും അനാചാരങ്ങളും തൗഹീദിന്റേയും സുന്നത്തിന്റേയും സ്ഥാനത്ത് ചേക്കേറിയതെന്നും എത്രമാത്രം ഗ്രന്ഥങ്ങൾ ഇസ്‌ലാമിനെതിരിൽ പ്രസിദ്ധീകരിക്കപ്പെട്ടെന്നും ഇനിയും നിങ്ങൾ അറിഞ്ഞിട്ടില്ലേ? അതുകൊണ്ട് നിങ്ങൾ ചിന്തിച്ച് പറയുവിൻ. ഈ നൂറ്റാണ്ടിൽ അല്ലാഹുവിൽനിന്ന് ഒരു വ്യക്തി ആഗതനായി പുറമേനിന്നുള്ള ആക്രമണങ്ങളെ നേരിടാൻ വരേണ്ടത് ഇനിയും അനിവാര്യമല്ലെന്നാണോ? അനിവാര്യമാണെങ്കിൽ നിങ്ങൾ ബോധപൂർവ്വം ദൈവികാനുഗ്രഹത്തെ നിഷേധിക്കരുത്. ഈ നൂറ്റാണ്ടിന് അനുയോജ്യമായ നിലക്ക് വന്ന വ്യക്തിയിൽനിന്ന് മുഖംതിരിക്കരുത്. ആ വ്യക്തിയെ കുറിച്ച് നബി(സ)തിരുമേനി തുടക്കം മുതൽക്കുതന്നെ അറിവ് നൽകിയിരുന്നതുമാണ്.(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീഖസാഇൻ വാള്യം 5, പേജ് 251-253)

ആഗതനാകാനുള്ള വ്യക്തിയുടെ സത്യസന്ധത മനസ്സിലാക്കാനുള്ള മാനദണ്ഡത്തെപ്പറ്റി ആ മഹാത്മാവ് പറയുന്നു: ഒരു സത്യവാദിയുടെ സത്യസാക്ഷ്യം അംഗീകരിക്കാൻ വളരെ വ്യക്തമായ നിലയിൽ അടയാളങ്ങളും തെളിവുകളും ദൈവികഗ്രന്ഥങ്ങളിൽ ഉണ്ടാകണമെന്ന് നിർബന്ധമില്ലേ? ഈ നിബന്ധന അനിവാര്യമല്ലെങ്കിൽ ഒരു നബിയുടെ നുബൂവ്വത്തും തെളിയിക്കപ്പെടുന്നതല്ല.

യാഥാർഥ്യമെന്തെന്നാൽ നുബൂവ്വത്ത് വാദിക്കുന്ന വ്യക്തിയുടെ കാര്യത്തിൽ ആദ്യം നോക്കേണ്ടത് കാലഘട്ടത്തിന് അത് ആവശ്യമുണ്ടോ എന്നതാണ്. പിന്നെ ആ വ്യക്തി നബിമാർ പ്രവചിച്ച സമയത്തുതന്നെയാണോ വന്നതെന്ന് നോക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ദൈവം അദ്ദേഹത്തെ സഹായിക്കുന്നുണ്ടോ എന്നും ചിന്തിക്കണം. കൂടാതെ ശത്രുക്കൾ അദ്ദേഹത്തിനുമേൽ ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്ക് പൂർണമായ നിലയിൽ മറുപടി നൽകപ്പെട്ടിട്ടുണ്ടോ എന്നും ശ്രദ്ധിക്കണം. ഇക്കാര്യങ്ങളെല്ലാം സാക്ഷാത്കരിക്കപ്പെടുന്നുവെങ്കിൽ മാത്രമേ അയാൾ സത്യവാനാണെന്ന് അംഗീകരിക്കപ്പെടുകയുള്ളൂ.

ഇന്ന് മുസ്‌ലിമീങ്ങളിലുള്ള ഭിന്നിപ്പുകളെ അകറ്റാനും പുറത്തുനിന്നുള്ള ആക്രമണങ്ങളിൽനിന്ന് ഇസ്‌ലാമിനെ ചെറുത്തുരക്ഷിക്കാനും ലോകത്തുനിന്ന് തിരോഭവിച്ചിട്ടുള്ള ആത്മീയത പുനഃസ്ഥാപിക്കാനും ഒരു ദൈവിക പരിഷ്കർത്താവിന്റെ ആവശ്യം അനിവാര്യമാണെന്നത് കാലം വിളിച്ചു പറയുന്നു. അത് വീണ്ടും ദൃഢവിശ്വാസത്തിന്റെ വേരുകൾക്ക് വെള്ളം കോരുന്നതും തിന്മയിൽനിന്നും പാപത്തിൽനിന്നും മോചനം നൽകി നന്മയിലും സത്യസന്ധതയിലേക്കും തിരിച്ചുവിടാനും പര്യാപ്തമാണ്.

ആയതിനാൽ യഥാസമയം ഞാൻ വന്നത് നിഷേധിക്കാൻ ഒരു കഠിനശത്രുവിനല്ലാതെ മറ്റാർക്കും സാധ്യമല്ലെന്നാണ് ഞാൻ കരുതുന്നത്. രണ്ടാമത്തെ നിബന്ധന പ്രവാചകന്മാർ നിജപ്പെടുത്തിയ സമയത്താണോ വന്നതെന്നാണ്. ഈ നിബന്ധനയും എന്നിൽ സാക്ഷാൽകരിക്കപ്പെട്ടിരിക്കുന്നു. കാരണം നബിമാരുടെ പ്രവചനങ്ങളിൽ ആറായിരം വർഷം പൂർത്തിയാകുന്ന വേളയിൽ മസീഹ് മൗഊദിന്റെ ആഗമനം ഉണ്ടാകുമെന്നുണ്ട്. അതിനാൽ ഹദ്റത്ത് ആദം(അ)ന്റെ ആഗമനം മുതൽ ചന്ദ്രമാസ ക്കണക്കനുസരിച്ച് ആറായിരം വർഷം പൂർത്തിയായിട്ട് കാലം കുറേകഴിഞ്ഞിരിക്കുന്നു. സൂര്യമാസക്കണക്കുപ്രകാരം ആറായിരം വർഷം തീരാൻ പോവുകയാണ്. അതും പൂർത്തിയായി. കൂടാതെ നബി(സ)തിരുമേനി ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ ദീനിന്റെ പരിഷ്കരണത്തിനുവേണ്ടി ഒരു മുജദ്ദിദ് അവതരിക്കുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ പതിനാലാം നൂറ്റാണ്ടിന്റെ 21 വർഷവും കഴിഞ്ഞിരിക്കുന്നു. ഇത് അദ്ദേഹം പറഞ്ഞ സമയത്തുള്ള കാര്യമാണ്. 22-ാമത്തെ വർഷം നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇത് മുജദ്ദിദ് ആഗതനായി എന്നുള്ളതിന് അടയാളമല്ലേ.(ലക്ചർ ലാഹോർ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 194-195)

അന്യരായ ആളുകൾ അംഗീകരിച്ചാലും ഇല്ലെങ്കിലും നമ്മുടെ എതിരാളികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം സമ്മതിച്ചാലുമില്ലെങ്കിലും അവർതന്നെ എല്ലാ സ്ഥലത്തും ഇസ്‌ലാമിൽ ഒരു മഹ്ദി, പരിഷ്കർത്താവ് ഇസ്‌ലാമിക നൗകയെ സംരക്ഷിക്കാൻ ആവശ്യമാണെന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ, ഈ പ്രവചനങ്ങളുടെ വെളിച്ചത്തിൽ വരേണ്ട വ്യക്തി കാലഘട്ടത്തിന്റെ ആവശ്യത്തിനനുസൃതം ആഗതനായപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ ഇവർ തയ്യാറായില്ല. ഇങ്ങനെ അദ്ദേഹം വാദിക്കുക മാത്രമല്ല ചെയ്തത്. മറിച്ച്, തന്റെ സത്യസാക്ഷ്യത്തിന് ഉപോൽബലകമായി നിരവധി ദൃഷ്ടാന്തങ്ങളും സമർപ്പിക്കുകയുണ്ടായി. അതെല്ലാം ഇവിടെ വിവരിക്കാൻ സാധ്യമല്ല. ആ മഹാത്മാവ് ഒരു സ്ഥലത്ത് പറയുന്നു: ഒരു മഹത്തായ ദൃഷ്ടാന്തം ഇപ്രകാരമാകുന്നു. ഇന്നേക്ക് 23 വർഷം മുമ്പേ ബറാഹീനെ അഹ്മദിയ്യായിലുള്ള ഇൽഹാമിൽ പറയുന്നു: ജനങ്ങൾ ഈ ജമാഅത്തിനെ ഇല്ലായ്മ ചെയ്യാൻ പരിശ്രമിക്കുകയും എല്ലാ കുതന്ത്രങ്ങളും പ്രയോഗിക്കുകയും ചെയ്യും.എന്നാൽ, ഞാൻ ഈ ജമാഅത്തിനെ അഭിവൃദ്ധിപ്പെടുത്തുന്നതാണ്. അതിനെ പരിപൂർത്തീകരിക്കുന്നുമാണ്. അത് ഒരു സൈന്യമായി തീരുന്നതായിരിക്കും. ഖിയാമത്തുന്നാൾവരേയും അതിന്റെ മേൽക്കോയ്മയായിരിക്കും. ഞാൻ നിന്റെ നാമത്തെ ലോകത്തിന്റെ കോണുകളോളം പ്രസിദ്ധമാക്കും. കൂട്ടംകൂട്ടമായി ജനങ്ങൾ വരുന്നതായിരിക്കും. എല്ലാ ഭാഗത്തുനിന്നും സാമ്പത്തികസഹായം ലഭിക്കുന്നതായിരിക്കും. ഭവനങ്ങളെ വിശാലമാക്കുക. കാരണം ഈ തയ്യാറെടുപ്പ് വാനലോകത്ത് നടന്നുകൊണ്ടിരിക്കുന്നു. വീണ്ടും പറയുന്നു: നോക്കുക, ഇത് എന്ന് ചെയ്ത പ്രവചനമാണെന്ന് നോക്കുക. അത് ഇന്ന് പൂർത്തിയാകുന്നു. അല്ലാഹുവിന്റെ ഈ അടയാളം കണ്ണുള്ളവർ കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ, കരുടന്മാർക്ക് ഇന്നും ഒരടയാളവും വെളിപ്പെട്ടിട്ടില്ല.(നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 384-385)

ഇന്നും അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയും എല്ലാ വർഷവും ലക്ഷക്കണക്കിനാളുകൾ ജമാഅത്തിൽ ഭാഗഭാക്കാകുന്നതും ത്യാഗങ്ങളിൽ മുന്നേറുന്നതും ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവാകുന്നു. ഇന്ന് ആ മഹാത്മാവിന്റെ സന്ദേശം എത്താത്ത, അവിടെ ആ മഹാത്മാവിന്റെ സന്ദേശംമുഖേന സൽപ്രകൃതരായ ആളുകൾ ജമാഅത്തിലേക്ക് ശ്രദ്ധിക്കാത്തതായ ലോകത്ത് ഒരു സ്ഥലവുമില്ല. അവർ ഇസ്‌ലാം സ്വീകരിക്കുകയല്ല ചെയ്തത്, പ്രത്യുത അല്ലാഹു സ്വയം ആളുകൾക്ക് മാർഗദർശനം നൽകുകയും അവർ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

എതിരാളികളുടെ എതിർപ്പുണ്ടായിട്ടും അല്ലാഹു ജമാഅത്തംഗങ്ങളുടെ വിശ്വാസത്തെ സുദൃഢമാക്കുകയുണ്ടായി. അങ്ങനെ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഇന്നും നമ്മൾ അല്ലാഹുവിന്റെ സഹായത്തിന്റെ ദൃശ്യങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. അത് ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം വിശ്വാസവർധനയ്ക്ക് നിദാനമാകുന്നു. ചില ആളുകളുടെ സംഭവങ്ങൾ ഞാൻ ഈ സമയത്ത് കേൾപ്പിക്കാം. ബാബായേവ് ഇസ്‌ലാം ബെക്ക് സാഹിബ് റഷ്യക്കാരനാണ്. ഖിർഗിസ്ഥാനിലുള്ള ഖിശ്ലാഖ് പട്ടണത്തിൽനിന്നുള്ളയാളാണ്. അദ്ദേഹം പറയുന്നു: ഞാൻ കത്തെഴുതാനുള്ള കാരണമെന്തെന്നാൽ, ഞാൻ ഹദ്റത്ത് ഇമാം മഹ്ദിയിൽ ബയ്അത്ത് ചെയ്തുകൊണ്ട് യഥാർഥ ഇസ്‌ലാം അഥവാ അഹ്മദിയ്യ ജമാഅത്തിൽ പ്രവേശിക്കുകയാണ്. അഹ്മദിയ്യത്തിൽ ചേരാനുള്ള കാരണം ഹദ്റത്ത് ഇമാം മഹ്ദി(അ) ഇസ്‌ലാമിന്റെ മേന്മകളെ വളരെ ഭംഗിയായി വിവരിച്ചിരിക്കുന്നു എന്നതാണ്. ഇമാം മഹ്ദി(അ)ന് മാത്രമേ ഇങ്ങനെ ഇസ്‌ലാമിന്റെ മേന്മകൾ വിവരിക്കാൻ കഴിയുകയുള്ളൂവെന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. തുടർന്നെഴുതുന്നു: അല്ലാഹു എന്നെ മുത്തഖിയാക്കാൻവേണ്ടി ദുആ ചെയ്യുക. ബയ്അത്തിന്റെ 10 നിബന്ധനകൾ പ്രാവർത്തികമാക്കാൻ കഴിയുന്നതിനും ദുആ ചെയ്താലും.ഇതു വളരെ വിദൂര പ്രദേശത്തിരിക്കുന്ന ഒരാളുടെ വിവരണമാണ്. ഇത് ഒരു സ്ഥലത്ത് മാത്രമല്ല എല്ലാ രാജ്യത്തും ഇതാണ് അവസ്ഥ.

കോംഗോയിലെ ഒരു സംസ്ഥാനമാണ് മെനേമ. അവിടെ ഒരു സ്ഥലമുണ്ട് റോദേകാ. അവിടെയുള്ള ഒരു ക്രിസ്തീയ സഹോദരൻ ഫിറോസ് മാജിക് സാഹിബിന് ജമാഅത്തിന്റെ നോട്ടീസ് കിട്ടി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യവസ്ഥിതിയുടെ(നിളാം) അനുഗ്രഹത്തെ പറ്റിയും വിവരിച്ചിരുന്നു. അത് വായിച്ചപ്പോൾ അദ്ദേഹത്തിന്റെ അവസ്ഥതന്നെ മാറി. പറയുന്നു: ഞാൻ ഈ ഇസ്‌ലാമിനെയാണ് അന്വേഷിച്ചുകൊണ്ടിരുന്നത്. ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. അതുപോലെ ഹുസയ്ൻ സാഹിബ് എന്നൊരു സുഹൃത്തും

## • ഹദീഥുന്നബ്വി(സ) •

**'അല്പമുളളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുളളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

## • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

**ത്വാലിബെ ദുആ:**
**C.K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ജമാഅത്തിന്റെ നോട്ടീസ് വായിച്ച് ബയ്അത്ത് ചെയ്യുക മാത്രമല്ല തുടർന്ന് തബ്ലീഗ് ചെയ്യാനും തുടങ്ങി. അദ്ദേഹത്തിന്റെ തബ്ലീഗ് ഫലമായി ഈ റിപ്പോർട്ട് വരുന്നതുവരേയും 5 പേരെ അദ്ദേഹം ജമാഅത്തിൽ ചേർക്കുകയുണ്ടായി. ഇങ്ങനെ ആളുകൾ ബയ്അത്ത് ചെയ്യുക മാത്രമല്ല, മറ്റുള്ളവർക്ക് തബ്ലീഗും ചെയ്യുന്നു. ഇതു പഴയ അഹ്മദികളെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ട ഘട്ടമാണ്. അവരും തബ്ലീഗിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ടൻസാനിയായിലെ റീജ്യണായ ഷിയാങ്കയിലെ മോംഗാലാംഗയിൽ ഒരു ജമാഅത്തുണ്ട്. ഇവിടെ ജമാഅത്ത് ആരംഭിച്ച ഘട്ടത്തിൽ അഹ്മദികൾ ഒരു മരത്തണലിലായിരുന്നു നമസ്കരിച്ചിരുന്നത്. ഇതിനിടയിൽ അവിടെയുള്ള മുഹമ്മദ് ഫൂംശുംഗാ എന്നൊരാൾ ജമാഅത്തിനെ ശക്തമായി എതിർക്കാൻ തുടങ്ങി. ചിലയാളുകളോടൊപ്പം ചേർന്ന് അഹ്മദികൾ മുസ്ലിമീങ്ങളല്ലെന്നും തങ്ങൾ ഉടൻതന്നെ മസ്ജിദ് നിർമിക്കുമെന്നും വിളംബരപ്പെടുത്താൻ തുടങ്ങി. അയാൾ മസ്ജിദിനുവേണ്ടി പണം നൽകാമെന്ന കാര്യത്തിൽ ധനാഢ്യയായ ഒരു സ്ത്രീയിൽനിന്ന് ഉറപ്പ് വാങ്ങുകയും ചെയ്തു. മറുഭാഗത്ത് ആത്മാർഥനായ ഒരു അഹ്മദി റമളാൻ സാഹിബ് തന്റെ സ്ഥലം മസ്ജിദ് നിർമിക്കാൻ ജമാഅത്തിന് വഖ്ഫ് ചെയ്തു. ഈ സ്ഥലം അനഹ്മദികൾക്ക് കിട്ടുന്നതിനുവേണ്ടി അയാൾ ശ്രമിച്ചെങ്കിലും പ്രസ്തുത അഹ്മദി ഉറച്ചുനിന്നു. അങ്ങനെ ജമാഅത്തിന്റെ മസ്ജിദ് നിർമാണം ആരംഭിക്കുകയും പൂർത്തിയാകുകയും ചെയ്തു. ഇതിനിടയിൽ ജമാഅത്തിന്റെ തബ്ലീഗ്, എതിർപ്പു കാണിച്ചുകൊണ്ടിരുന്ന ആളുടെ വീട്ടിലുമെത്തി. അതായത് എതിരാളിയുടെ വീട്ടിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശമെത്തി. അല്ലാഹു അയാളുടെ ഭാര്യാമക്കൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം നൽകി. ശത്രുത കാണിക്കുന്നതിൽ അയാൾ ഒറ്റപ്പെട്ടു. ഇത്തരത്തിലുള്ള നിരവധി ആളുകളുണ്ട്. അയാൾക്ക് ബുദ്ധിയുണ്ടെങ്കിൽ ഈയൊരു അടയാളം തന്നെ ധാരാളമാണ്. ഒരുപാട് എതിർപ്പു കാണിച്ചിട്ടും അയാളുടെ ഭാര്യാമക്കൾക്ക് അല്ലാഹു യഥാർഥ ഇസ്ലാമിനെ പ്രദാനം ചെയ്ത് ആവേശമുണ്ടാക്കി. അയാളുടെ ഒരു ശക്തിയും ഫലവത്തായില്ല. ഈ ഈമാനും മാറ്റവും ഏതെങ്കിലും മനുഷ്യന് ഉണ്ടാക്കിയെടുക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ഇത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം മുഖേന മാത്രമാണ് ഉണ്ടാകുന്നത്.

വിശ്വാസദാർഢ്യത്തിന്റേയും ദൈവികസഹായത്തിന്റേയും മറ്റൊരു ഉദാഹരണം കേൾക്കുക.

അർജന്റീന അമേരിക്കയുടെ പ്രദേശത്ത് ദൂരെയുള്ള തികച്ചും മറ്റൊരു പ്രദേശമാണ്. ആഫ്രിക്കൻ നാടുകളിൽ ചിലപ്പോൾ റഷ്യയിൽ മറ്റു ചിലപ്പോൾ അമേരിക്കയിൽ (ഇത്തരം സംഭവങ്ങൾ കാണാം). അവിടെ മരീല സാഹിബ എന്നൊരു സ്ത്രീയുണ്ട്. അവർ ഇസ്ലാം സ്വീകരിച്ചിരുന്നുവെങ്കിലും മുസ്ലിമീങ്ങളുടെ പ്രവർത്തനങ്ങൾ കാരണം ഇസ്ലാമിൽനിന്ന് അകന്നുകൊണ്ടിരിക്കുകയായിരുന്നു. അഹ്മദിയായിട്ടുണ്ടായിരുന്നില്ല. ഇസ്ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നു. അവർക്ക് അഹ്മദിയ്യത്തിനെപറ്റി അറിവു ലഭിച്ചപ്പോൾ മിഷൻ ഹൗസിൽവന്ന് നമ്മുടെ അറബിക്-ഇസ്ലാം ക്ലാസുകളിൽ പങ്കെടുക്കാൻ തുടങ്ങി. കുറച്ചുമാസങ്ങൾക്കു ശേഷം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അവർ പറയുന്നു: എനിക്ക് ബയ്അത്ത് ചെയ്തതിനുശേഷം മനഃസമാധാനം കിട്ടിയിരിക്കുന്നു. കാരണം ഞാൻ ജമാഅത്തിന്റെ അധ്യാപനത്തിലും കർമത്തിലും താദാത്മ്യം കാണുന്നു. യഥാർഥ സാഹോദര്യത്തിന്റെ അന്തരീക്ഷം അനുഭവിക്കുന്നു.

ഇവിടെ പുതുതായി വരുന്നവർക്കും സേവനത്തിന് അവസരം നൽകപ്പെടുന്നു. ഇവിടെ ഒരു തരത്തിലുള്ള വ്യത്യാസവുമില്ല. അവരുടെ മകൾ അമുസ്ലിമാകുന്നു. സുന്നി ഇസ്ലാമി സെന്ററിൽ പഠിക്കുകയായിരുന്നു. ഇത് അവരുടെ ഹൈസ്കൂളാണ്. അവിടെ അറബികൾ പൈസ ചെലവഴിച്ചിട്ടുണ്ട്. അതിലാണ് അവർ പഠിച്ചുകൊണ്ടിരിക്കുന്നത്. സ്കൂൾ അധികൃതർ അവരുടെ ഉമ്മ അഹ്മദിയ്യത്തിൽ പ്രവേശിച്ചുവെന്നറിഞ്ഞപ്പോൾ അവർക്കുമേൽ സമ്മർദ്ദം ചെലുത്താൻ തുടങ്ങി. ജമാഅത്തിനെതിരിൽ പ്രചാരണവും തുടങ്ങി. അവരുടെ മകൾ സ്വന്തം താൽപര്യത്തിൽ ജമാഅത്തിന്റെ മിഷൻഹൗസിനുവേണ്ടി പ്രത്യേക ഡക്കറേഷൻ പീസസ് തയ്യാറാക്കിയെന്ന് അറിയാനിടയായപ്പോൾ സ്കൂൾ അധികൃതർ നല്ലപോലെ ദ്വേഷപ്പെട്ടുകൊണ്ട് ആ കുട്ടിയോട് പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിനെ പിന്തുണച്ചാൽ നിനക്ക് സ്കൂളിൽ പ്രയാസങ്ങളുണ്ടാകുന്നതാണ്. നീയും നിന്റെ ഉമ്മയും ജമാഅത്തിൽനിന്ന് മാറണം. എന്നാൽ, മാതാവ് അതിനെപറ്റി അറിഞ്ഞപ്പോൾ ഉടൻതന്നെ ഒരു എതിർപ്പും പ്രകടിപ്പിക്കാതെ തന്റെ മകളെ പ്രസ്തുത ഇസ്ലാമി സ്കൂളിൽനിന്ന് മാറ്റി. അവർ പറയുന്നു: ഇപ്പോൾ എനിക്കും എന്റെ മകൾക്കും സമാധാനമായിരിക്കുന്നു. ഇനി ആരും ഞങ്ങളെ മതത്തിന്റെ പേരിൽ ഉപദ്രവിക്കുകയില്ല. ഞാൻ ജമാഅത്ത് സത്യമാണെന്ന് അറിഞ്ഞുകൊണ്ടാണ് സ്വീകരിച്ചത്. അതുകൊണ്ട് മറ്റുള്ള ആളുകൾക്ക് മുന്നിൽ സന്തോഷത്തോടെയും അഭിമാനത്തോടെയും അതേ സംബന്ധിച്ച് പറയുന്നതാണ്; അത് അവർ മോശമായി ഗണിച്ചാലും ശരി. ഇത്തരം വിശ്വാസമാണ് അവരിലുണ്ടായിക്കൊണ്ടിരിക്കുന്നത്.

റഷ്യൻപ്രദേശമായ ബുഖാറയിലുള്ള ആത്മാർഥനായ അഹ്മദി സുന്നത്ത് സുൽത്വാൻ നോഹ് സാഹിബ് ഉസ്ബക്കിസ്താനിലെ ബുഖാറ വാസിയാണ്. റഷ്യയിലാണ് ജോലി ചെയ്യുന്നത്. അദ്ദേഹം പറയുന്നു: ഞാൻ മാത്രമേ അഹ്മദിയായിട്ടുള്ളൂ. ഭാര്യാമക്കൾക്ക് ഇസ്ലാം അഹ്മദിയ്യത്തിന്റെ അധ്യാപനങ്ങളെപറ്റി പരിചയപ്പെടുത്തികൊടുക്കുന്നുണ്ട്. അവരും അഹ്മദികളാകണമെന്നാണ് എന്റെ ആഗ്രഹം. അവരേയും അല്ലാഹു ഇസ്ലാം അഹ്മദിയ്യത്തിന്റെ പ്രകാശത്താൽ പ്രശോഭിതരാക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നുമുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ ഒരു സ്വപ്നം കാണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്റെ സ്വപ്നത്തിൽ വന്നിരിക്കുന്നു. എന്റെ നെഞ്ചിൽ തലവെച്ചുകൊണ്ട് അദ്ദേഹം ഖുർആനിലെ ഇഖ്ലാസ് എന്ന അധ്യായം തുടർച്ചയായി പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. അതുമുഖേന എനിക്ക് ഏറെ മനഃസമാധാനം ലഭിച്ചു. അതുപോലെ ഞാൻ മറ്റൊരു സ്വപ്നത്തിൽ കണ്ടത് ഞാൻ എന്റെ ഭാര്യയേയും മകനേയും കൂട്ടി സ്വർഗത്തിലാണുള്ളത്. അവിടെ ഞാൻ ഹദ്റത്ത് മൂസാ നബിയേയും ഹദ്റത്ത് ഈസാ നബിയേയും കാണുകയുണ്ടായി. എനിക്ക് ഈ സ്വപ്നം മുഖേനയും സമാധാനം കിട്ടി. അതായത് സ്വർഗംകൊണ്ട് ഇസ്ലാം-അഹ്മദിയ്യത്താണ് വിവക്ഷിതം. അതിന്റെ അധ്യാപനങ്ങൾ സ്വർഗീയമാകുന്നു. അല്ലാഹു അവന്റെ അനുഗ്രഹത്താൽ എന്റെ ഭാര്യയേയും മകനേയും ഈ സ്വർഗത്തിൽ കൊണ്ടുവരുന്നതാണ്. ഈ സ്വപ്നത്തിന് ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളൂ അല്ലാഹു എന്റെ പത്തൊമ്പത് വയസ്സുള്ള മകൻ ദിയാർ ബേഗ്സുന്നത്തിന്റെ ഹൃദയം ഇസ്ലാം അഹ്മദിയ്യത്തിനായി തുറക്കുകയുണ്ടായി. അവൻ ബയ്അത്ത് ചെയ്തു. അതെനിക്ക് ഏറെ സന്തോഷമുള്ള ദിവസമായിരുന്നു. അത് വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. അല്ലാഹു ഇതേപോലെ എന്റെ ഭാര്യയുടെ മനസ്സും തുറക്കുകയും ഇസ്ലാം അഹ്മദിയ്യത്തിന്റെ മടിത്തട്ടിലെത്തിക്കുകയും ചെയ്യുമാറാകട്ടെ. ചുരുക്കത്തിൽ ഈ ആവേശവും താൽപര്യവുമാണ് അവർക്കുള്ളത്.

യു.കെ.യിലെ ഒരു നവഅഹ്മദി സ്ത്രീ പറയുന്നു: എനിക്ക് മുസ്ലിം പശ്ചാത്തലമാണുള്ളത്. എന്റേത് യാഥാസ്ഥിതിക സുന്നികുടുംബമാണ്. സുന്നി ഇസ്ലാമാണ് യഥാർഥ ഇസ്ലാമെന്നാണ് ഞങ്ങൾക്ക് പറഞ്ഞുതന്നിട്ടുള്ളത്. ഒരു ദിവസം ഞാനെന്റെ യൂണിവേഴ്സിറ്റിയുടെ അടുത്തുള്ള ഝലങ്കമിലെ നാസ്വിർ മസ്ജിദിൽനിന്ന് ബാങ്ക് കേട്ടപ്പോൾ വീട്ടിൽവന്ന് എന്റെ പിതാവിനോട് ഞങ്ങളുടെ യൂണിവേഴ്സിറ്റിക്കടുത്ത് വളരെ ഭംഗിയുള്ള ഒരു മസ്ജിദുണ്ടെന്ന് പറയുകയുണ്ടായി. എന്റെ പിതാവ് അന്വേഷിച്ചപ്പോൾ അത് അഹ്മദികളുടെ മസ്ജിദാണെന്ന് മനസ്സിലായി. എന്നോടു ഇത് ഖാദിയാനികളുടെ മസ്ജിദാണെന്നും അവർ ഖാത്തമുന്നുബൂവ്വത്തിൽ വിശ്വസിക്കുന്നില്ലെന്നും (വാസ്തവത്തിൽ ഈ ആരോപണം കളവാണ്) അവർ സ്വന്തം നബിയെ ഉണ്ടാക്കിയെന്നും മറ്റും പറയുകയും അതുകൊണ്ട് നീ ആ മസ്ജിദിൽനിന്ന് അകന്നിരിക്കണമെന്നും പറഞ്ഞ് ശക്തമായി വിലക്കി. അദ്ദേഹം പറയുന്നു: ഞാൻ തുടക്കത്തിൽ അദ്ദേഹം പറയുന്നത് അനുസരിച്ചു. എന്നാൽ, എന്റെ മനസ്സ് അതംഗീകരിക്കുന്നുണ്ടായിരുന്നില്ല. അഹ്മദികളെപ്പറ്റി കൂടുതൽ അന്വേഷിക്കേണ്ടതാണെന്ന് എനിക്ക് തോന്നി. മറുഭാഗത്ത് ഞാൻ പിടിക്കപ്പെടുമോ എന്നും വീട്ടുകാർ ദ്വേഷപ്പെടുമോ എന്നും എനിക്ക് ആശങ്കയുമുണ്ടായിരുന്നു. യൂണിവേഴ്സിറ്റിയിൽ ഏതാനും അഹ്മദി വിദ്യാർഥികളെ കണ്ടുമുട്ടി. അവരുമായി ഇസ്ലാം അഹ്മദിയ്യത്തിനെപറ്റി വിശദമായി ചർച്ചകൾ നടന്നുകൊണ്ടിരുന്നു. സുന്നി ജമാഅത്താണ് യഥാർഥ ഇസ്ലാമെന്ന് അവരെ ബോധ്യപ്പെടുത്താൻ ഞാൻ തുടക്കത്തിൽ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ, ഈ സംസാരം മുഖേന എനിക്ക് അഹ്മദിയ്യത്തിനെപറ്റി റിസർച്ച് ചെയ്യാനുള്ള താൽപര്യം വർധിക്കുകയാണുണ്ടായത്. പിന്നെ എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ വെബ്സൈറ്റിനെപറ്റി അറിയാൻ കഴിഞ്ഞു. അവിടെയും എനിക്ക് നിരവധി വീഡിയോകൾ കാണാനും മാറ്ററുകൾ വായിക്കാനും അവസരം കിട്ടി. ഇസ്ലാമിനെപറ്റി എവിടെയും തൃപ്തികരമായ മറുപടി കിട്ടാത്ത പല ചോദ്യങ്ങളും എന്റെ പക്കലുണ്ടായിരുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിച്ചപ്പോൾ പ്രസ്തുത ചോദ്യങ്ങൾക്ക് മറുപടി കിട്ടിത്തുടങ്ങി.ഇവിടെ അഹ്മദി യുവാക്കളും ശരിയായ അറിവ് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോൾ മറുപടിയും ലഭിച്ചുതുടങ്ങും. അല്ലാതെ അന്യരുടെ സ്വാധീനത്തിൽ അകപ്പെടുകയല്ല വേണ്ടത്. ചില യുവാക്കൾ ഈ സ്വാധീനത്തിൽ പെട്ടുപോകാറുണ്ട്. അവർ പറയുന്നു, അല്ലാഹുവേ, എനിക്ക് അടയാളം കാണിച്ചുതരേണമേ. ഇതുപറഞ്ഞ് ഞാൻ ദുആ ചെയ്യാൻ തുടങ്ങി. ഇതും സന്മാർഗത്തിലേക്ക് വരുന്നതിനും യഥാർഥ വഴി കാണാനുമുള്ള വലിയൊരു മാർഗ്ഗമാകുന്നു.

പഴയ അഹ്മദികളാണെങ്കിലും നവഅഹ്മദികളാണെങ്കിലും തങ്ങളുടെ ഈമാൻ സുദൃഢമാകുന്നതിനും എന്തെങ്കിലും അടയാളം കാണിച്ചുതരുന്നതിനും വേണ്ടി ദുആ ചെയ്യേണ്ടതാണ്.

അവർ തുടരുന്നു: ഏതായാലും ഈ കാലയളവിൽ ഞാൻ നിരവധി സ്വപ്നങ്ങൾ കാണുകയുണ്ടായി. ഒരു സ്വപ്നത്തിൽ ഇങ്ങനെ കണ്ടു: ഞാനൊരു നദിക്കരയിലാണുള്ളത്. മറുകരയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഏതോ ഹാളിലേക്ക് പോവുകയാണ്. ഞാൻ നദി കടന്ന് മറുകരയിൽ പോകാൻ ആഗ്രഹിക്കുന്നു. എന്നാൽ, നദിയിൽ ശക്തമായ ഒഴുക്കുണ്ട്. അപ്പോൾ ഹദ്

റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)പറയുന്നു: അല്ലാഹു തന്റെ ദാസനെ ഒരിക്കലും ഒറ്റയ്ക്കാക്കുന്നതല്ല. അതോടൊപ്പം ആ നദി അവസാനിക്കുകയും ഞാൻ മറുഭാഗത്ത് എത്തുകയും ചെയ്തു.ഇതുപോലെ മറ്റൊരു സ്വപ്നത്തിൽ അവർ എന്നേയും കാണുകയുണ്ടായി. അവർ എന്നെ കണ്ട അവസ്ഥയിൽ ഒരുപാട് പ്രഭാവിതയായി. അവർ പറയുന്നു:മറ്റൊരു സ്വപ്നത്തിൽ ഞാൻ തന്റെ പിതാമഹിയേയും കാണുകയുണ്ടായി. അവരെന്നോട് ഇസ്‌ലാമാബാദിൽ പോകുമ്പോൾ തങ്ങളേയും ഓർക്കണമെന്ന് പറയുന്നു. ഇവർ പറയുന്നു: ഈ സ്വപ്നങ്ങളെല്ലാം എനിക്ക് സ്പഷ്ടമായ അടയാളങ്ങളായിരുന്നു. അങ്ങനെ ഞാൻ ബയ്അത്ത് ചെയ്തു. ഇങ്ങനെ വിരൽപിടിച്ച് അഹ്മദിയ്യത്തിൽ കൊണ്ടുവരുന്നതും ഹൃദയത്തിൽ വിശ്വാസം ദൃഢീകരിക്കുന്നതും ദൈവികസഹായത്തിന്റെ അടയാളമല്ലാതെ മറ്റെന്താണ്? ഇനി ഒരു ആഫ്രിക്കൻ രാജ്യത്ത് അല്ലാഹു ഒരാൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം നൽകിയതിനുശേഷം എങ്ങനെയാണ് അയാളുടെ ഈമാൻ സുദൃഢമാക്കിയതെന്ന് നോക്കുക. ബുർക്കിനോഫാസോയിലെ ഡോറി റീജ്യണിലുള്ള ടാക്കാ ജമാഅത്തിലെ ഒരു അഹ്മദി ഖാദിം ജാബിർ സാഹിബ് കർഷകനാണ്. അദ്ദേഹത്തെ ഉഗ്രവാദികൾ പിടികൂടി. ഞങ്ങൾ ഇന്നലെ മഹ്ദിയാബാദിൽ അഹ്മദികളെ കൊന്നതുപോലെ നിങ്ങളേയും കൊല്ലുന്നതാണെന്ന് പറഞ്ഞു. തുടർന്ന് അദ്ദേഹത്തിന്റെ മൊബൈൽ ഫോണും വാങ്ങി പരിശോധിച്ചു. അതിൽ അഹ്മദി മുബല്ലിഗുമാരുടെ പ്രസംഗങ്ങളുണ്ടായിരുന്നു. പ്രസംഗങ്ങൾ കേട്ടതിനുശേഷം അവർ പറഞ്ഞു. ഞങ്ങൾ ഇവരെയൊക്കെ അന്വേഷിക്കുകയാണ്. കാരണം ഇവർ റേഡിയോയിൽ അഹ്മദിയ്യത്തിനെപറ്റി പ്രചാരണം നടത്തുന്നു. അഹ്മദി യുവാവിനോട് അദ്ദേഹത്തിന്റെ പിതാവിന്റെ മേൽവിലാസം ചോദിച്ചു. എന്നിട്ട് പറഞ്ഞു: നാളെ ഞങ്ങൾ നിങ്ങളുടെ ഗ്രാമത്തിലെത്തുന്നതായിരിക്കും. ജാബിർ സാഹിബ് തന്റെ പിതാവിനേയും വീട്ടുകാരേയും കൂട്ടി ഡോറയിലുള്ള മുഹമ്മദാബാദിലെത്തി. അവിടെ അഹ്മദികളുണ്ട്. വീടും സാധനസാമഗ്രികളും കൂട്ടുകാരേയുമെല്ലാം ഉപേക്ഷിച്ചാണ് വന്നത്. അടുത്ത ദിവസം തീവ്രവാദികൾ ഗ്രാമത്തിലെത്തി. ഒരു വ്യക്തിയോട് നിർബന്ധിച്ച് ഇവരെ കുറിച്ച് അവരുടെ വീട്ടിലെത്തി. വീട് മുഴുവൻ പരിശോധിച്ചു സാധനങ്ങളെല്ലാമെടുത്ത് പുറത്തെറിഞ്ഞു. മാത്രമല്ല ഇവിടെയുള്ള അഹ്മദികളെ വധിക്കുമെന്ന് പറയുന്നുണ്ടായിരുന്നു. ഏതായാലും അവർ അതായത് അഹ്മദികൾ അവിടെനിന്ന് പൊയ്ക്കഴിഞ്ഞിരുന്നു. ഇപ്പോൾ ജമാഅത്തീ സംവിധാനത്തിന് കീഴിൽ മഹ്മൂദാബാദിലാണ് താമസിക്കുന്നത്.

ബുർക്കിനോഫാസോയിലെ ശുഹദാഅ് തങ്ങളുടെ ജീവൻ നൽകിക്കൊണ്ട് അവിടെയുള്ള അഹ്മദികളുടെ വിശ്വാസത്തെ ദുർബലപ്പെടുത്തുകയല്ല ചെയ്തത്, മറിച്ച് എല്ലാ ദിവസവും അവരുടെ ഈമാൻ സുദൃഢമായിക്കൊണ്ടിരിക്കുന്നു. സാധുക്കളായ ഈ ആളുകൾ തങ്ങളുടെ വീടും സാധനങ്ങളും തങ്ങളുടെ ആശ്രയമായ ഉപജീവനമാർഗങ്ങളും ഉപേക്ഷിച്ചെങ്കിലും തങ്ങളുടെ വിശ്വാസം ത്യജിക്കുകയുണ്ടായില്ല. ഇവർ അഹ്മദിയ്യത്ത് സ്വീകരിച്ച് ഏതാനും വർഷങ്ങളേയായിട്ടുള്ളൂ. എന്നാൽ, വിശ്വാസത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ അവരുടെ വിശ്വാസത്തെ സുദൃഢമാക്കുന്നത് അല്ലാഹുവല്ലാതെ മറ്റാരുമല്ല. ഒരു ഭാഗത്ത് അഹ്മദിയ്യത്തിനെതിർപ്പുണ്ടായിട്ടും വിശ്വാസത്തെ ബലവത്താക്കുന്ന ദൃശ്യങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കുന്നതിനുവേണ്ടി അല്ലാഹു ജനഹൃദയങ്ങളെ തുറക്കുന്നതും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഇതാണ് കാലഘട്ടം. നിങ്ങൾ അന്വേഷിക്കുവിൻ. അല്ലാഹു സഹായിക്കുന്നതാണ്.

മധ്യാഫ്രിക്കയിലെ ഒരു സ്ഥലമായ യലൂക്കയിലുള്ള മൗലവി സാഹിബ് പറയുന്നു: ഞങ്ങൾ അവിടെ തബ്ലീഗിനുവേണ്ടി പോയപ്പോൾ അവിടെ 180 ആളുകൾ തബ്ലീഗ് കേൾക്കുവാൻ ഒരുമിച്ചുകൂടി. ഞാൻ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തെപ്പറ്റി പ്രസംഗിച്ചു. തുടർന്ന് ചോദ്യോത്തര പരിപാടിയുമുണ്ടായി. അവിടെയുള്ള സെൻട്രൽ ഇമാം സാംസ ഉമർ സാഹിബ് സംസാരിക്കാൻ അനുവാദം ചോദിച്ചു. അദ്ദേഹം തന്റെ പ്രഭാഷണം ജാഅൽഹഖു വ സഹഖൽ ബാത്വിലു ഇന്ന ബാത്വില കാന സഹൂഖാ എന്ന ആയത്തുകൊണ്ടാണ് തുടങ്ങിയത്. തുടർന്ന് പറഞ്ഞു: താങ്കൾ കേൾപ്പിച്ച സന്ദേശത്തെപ്പറ്റി ഞങ്ങൾ നേരത്തെ കേൾക്കുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല. അൽഹംദുലില്ലാഹ്. ഇന്ന് ഞങ്ങളുടെ ഗ്രാമത്തിൽ സത്യം വന്നിരിക്കുന്നു. നബി(സ)തിരുമേനി, ഇമാം മഹ്ദി(അ) വന്നാൽ ഉടനെ സ്വീകരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഞാനും എന്റെ 40 കൂട്ടുകാരും അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയാണ്. അല്ലാഹു ഞങ്ങൾക്ക് ഈ സത്യത്തിൽ നിലയുറപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഏതായാലും ഇങ്ങനേയും ജനങ്ങൾ ചേർന്നുകൊണ്ടിരിക്കുന്നു.

ഇനി അല്ലാഹു എതിരാളികളെ ജമാഅത്തിലേക്ക് വലിച്ചുകൊണ്ടുവരുന്നതിന്റേയും നിരവധി സംഭവങ്ങളുണ്ട്. മാലിങ്കോ ലികോറോ റീജ്യണിലുള്ള നംനാ എന്ന സ്ഥലത്ത് ഈ വർഷം കോലികോറോ റീജ്യണിന്റെ ജൽസ സംഘടിപ്പിക്കുകയുണ്ടായി. അതിനുമുമ്പേ റേഡിയോയിൽ ഈ വിവരം വിളംബരവും ചെയ്തിരുന്നു. ഈ ഗ്രാമം ദൂരെയായിരുന്നതിനാൽ റേഡിയോ എപ്പോഴും നല്ലപോലെ കേൾക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, ഈ ദിവസങ്ങളിൽ റേഡിയോ അവിടേയും നല്ലവണ്ണം കേൾക്കാൻ കഴിഞ്ഞിരുന്നു. അത് കേട്ടപ്പോൾ ഒരു അഹ്മദി സുഹൃത്ത് സിദ്ദീഖ് ജർറാഹ് സാഹിബ് ജൽസയിൽ പങ്കെടുക്കാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് അഹ്മദിയ്യത്തിന്റെ പാഠങ്ങൾ കേൾക്കുന്നതിൽനിന്ന് തടഞ്ഞിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ കേൾക്കരുതെന്നും അവർ കാഫിറുകളാണെന്നും അയാൾ പറഞ്ഞിരുന്നു. ഏതായാലും ഇദ്ദേഹത്തിന്റെ നിർബന്ധത്തിൽ രണ്ടുപേരുംകൂടി ജൽസയിൽ വന്നു. വളരെ പ്രയാസപ്പെട്ട് 80 കിലോമീറ്റർ താണ്ടിയാണ് അവർ വന്നത്.അവിടെ പാതകൾതന്നെ ഇല്ലാത്തതിന് തുല്യമാണ്. ഏതായാലും അന്വേഷിച്ചു പിടിച്ച് ജൽസയ്ക്ക് രണ്ട് ദിവസംമുമ്പേ അവർ ജൽസ നടക്കുന്ന സ്ഥലത്തെത്തി. പ്രാദേശിക സ്വദ്ർ സാഹിബും മറ്റു ജമാഅത്തംഗങ്ങളും അവരെ സൽക്കരിച്ചാദരിച്ചു. ജൽസയ്ക്ക് മുമ്പേതന്നെ അവർക്ക് അഹ്ദിയ്യത്തിനെപറ്റി പരിചയപ്പെടാൻ കഴിഞ്ഞു. ജൽസയിൽ അവർ പ്രസംഗങ്ങളും കേൾക്കുകയുണ്ടായി. ജമാഅത്തായി തഹജ്ജുദ് നമസ്കാരവും ജമാഅത്തംഗങ്ങളുടെ പരസ്പരമുള്ള സ്നേഹവും ആത്മാർഥതയും അവരെ ഹഠാദാകർഷിച്ചു. ജൽസയുടെ സമാപനത്തിൽ അതിഥികൾ എന്ന നിലയ്ക്ക് തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കാൻ വേണ്ടി വിളിച്ചപ്പോൾ അവർ എല്ലാ സംഭവങ്ങളും വിവരിച്ചതിനുശേഷം അഹ്മദിയ്യത്ത് സ്വീകരിക്കുകയാണെന്ന് വിളംബരം ചെയ്തു. അത് കഴിഞ്ഞയുടനെ അദ്ദേഹത്തിന്റെ സുഹൃത്ത് എന്തോ പറയാൻ തുനിഞ്ഞപ്പോൾ അയാൾ പറഞ്ഞു: വാസ്തവത്തിൽ ഞാനെന്റെ സുഹൃത്തിന് മോശം അഭിപ്രായമുണ്ടക്കാനാണ് കൊണ്ടുവന്നത്. പക്ഷേ, ഞാൻ സ്വയം അഹ്മദിയ്യത്തിന്റെ വക്താവായി മാറി. അങ്ങനെ അദ്ദേഹവും അഹ്മദിയ്യത്ത് സ്വീകരിച്ചു.

കോംഗോ ബ്രാസ്വീലും ആഫ്രിക്കയിലെ ഒരു രാജ്യമാകുന്നു. അവിടെ സരിയേൽ സാഹിബ് ഹയർ സെക്കന്ററി സ്കൂളിലെ എഫ്.എ പൂർത്തിയാക്കിയിട്ടുണ്ടായിരുന്നു. തുടർന്ന് ഒരു ഗ്രാമത്തിലെ കത്തോലിക്കാ മിഷണറിയിൽനിന്ന് ക്രിസ്തീയ പാഠങ്ങൾ പഠിക്കാൻ തുടങ്ങി. മിഷണറി പഠനത്തിനുശേഷം ചർച്ച് മുഖേന യൂണിവേഴ്സിറ്റിയിൽ പഠിക്കാനായിരുന്നു പരിപാടി. ഇതിനിടയിൽ നമ്മുടെ മുബല്ലിഗുമായി അദ്ദേഹം ബന്ധപ്പെടാൻ തുടങ്ങി. അദ്ദേഹം പറയുന്നു: ഞങ്ങൾ അദ്ദേഹത്തെ തബ്ലീഗ് ചെയ്യാൻ തുടങ്ങി. അഹ്മദിയ്യാ ജമാഅത്തിന്റെ തെളിവുകൾക്ക് അയാളുടെ പക്കലോ അയാളുടെ ടീച്ചറുടെ പക്കലോ മറുപടിയില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. അങ്ങനെ അദ്ദേഹം ക്രിസ്തീയ മിഷണറിയാകുന്നതിനുപകരം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഇപ്പോൾ ദാഇഇലല്ലാഹ് എന്ന നിലയ്ക്ക് തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നു.

സെനഗലിലെ താംബാകോണ്ടാ എന്ന റീജ്യണിൽ ഒരു സ്ഥലത്ത് തബ്ലീഗ് പ്രോഗ്രാം ഉണ്ടാക്കിയിരുന്നു. പറയുന്നു: അവിടെ ഏതാനും വർഷംമുമ്പേ ഒരാൾ തന്റെ ഭാര്യാമക്കളുമായി അഹ്മദിയ്യത്തിൽ ചേർന്നിരുന്നു. എന്നാൽ, ഗ്രാമവാസികളുടെ എതിർപ്പ് തുടങ്ങി. ഈ വർഷം ഗ്രാമപ്രമുഖനേയും ഇമാമിനേയും കൂടെക്കൂടെ സന്ദർശിച്ചതിനുശേഷമാണ് അവിടെ പ്രബോധനപരിപാടി ഉണ്ടാക്കിയത്. അടുത്ത ഗ്രാമങ്ങളിലെ ചീഫുമാരേയും ഇമാമുമാരേയും കൂടാതെ സാധാരണക്കാരേയും ക്ഷണിച്ചിരുന്നു. മുഅല്ലിമുമാർ ഇസ്‌ലാമിന്റെ വർത്തമാനകാല അവസ്ഥകൾ വാഗ്ദത്ത മസീഹിന്റെ ഇക്കാലഘട്ടത്തിലെ ആവശ്യകത, ഇക്കാലഘട്ടത്തിൽ മസീഹ് മൗഊദിന്റെ ആഗമനം, ഇസ്‌ലാമിന്റെ പുരോഗതിയിൽ അഹ്മദിയ്യത്തിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങളിൽ പ്രസംഗങ്ങൾ ചെയ്തു. തുടർന്ന് ചോദ്യോത്തര പരിപാടിയുമുണ്ടായിരുന്നു. മറ്റു ഗ്രാമങ്ങളിൽനിന്നുവന്ന ആളുകൾ തങ്ങൾ അയൽരാജ്യമായ ഗാംബിയായിൽ അഹ്മദിയ്യത്തിനെപറ്റി കേട്ടിട്ടുണ്ടെന്നും എന്നാൽ, വിശ്വാസാദർശങ്ങളെപ്പറ്റി അറിയുകയില്ലെന്നും പറഞ്ഞു. ഇന്ന് ഈ ജൽസയിൽ അഹ്മദിയ്യത്തിന്റെ വിശ്വാസങ്ങളുടെ വിശദീകരണം ശ്രവിച്ചപ്പോൾ ഒരു ചോദ്യവുമുന്നയിക്കാതെ തങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിക്കുകയാണെന്ന് വിളംബരം ചെയ്തു. തുടർന്ന് ഗ്രാമത്തിലെ ഇമാം എഴുന്നേറ്റുനിന്ന് അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യം വിളംബരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഗ്രാമത്തിലെ ചീഫ് തന്റെ കുടുംബത്തോടൊപ്പം അഹ്മദിയ്യത്ത് സ്വീകരിക്കുകയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ശ്രോതാക്കളോട് പറഞ്ഞു, എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഇപ്പോൾ പറയണം. പിന്നീട് ഒഴിവുകഴിവുകൾ സ്വീകരിക്കുന്നതല്ല. തുടർന്ന് എല്ലാ സഭാവാസികളും തങ്ങളുടെ കുടുംബത്തോടൊപ്പം അഹ്മദിയ്യത്തിൽ പ്രവേശിക്കുകയാണെന്ന് വിളംബരപ്പെടുത്തി. അങ്ങനെ അല്ലാഹു പിടിച്ചുപിടിച്ചും ആളുകളെ കൊണ്ടുവരുന്നു.

റഷ്യൻ സംസ്ഥാനങ്ങളിൽപെട്ട രാജ്യങ്ങളിൽ ഒരു രാജ്യമാണ് ഉസ്ബഖിസ്താൻ. അവിടുത്തെ ഒരു നവ അഹ്മദിയാണ് മുസ്‌ലിമൗ മൻസൂർ സാഹിബ്. അദ്ദേഹം പറയുന്നു: ആദ്യം ഞാൻ ഇമാം അബൂ ഹനീഫയിൽപെട്ട ആളായിരുന്നു. ഒരു ദിവസം എന്റെ ഒരു സുഹൃത്ത് അറബി പഠിക്കുന്നതിനുവേണ്ടി ഒരു അഹ്മദി ഉസ്താദിന്റെ യടുക്കൽ എന്നെ കൊണ്ടുപോയി. ഞാൻ അറബി പഠിക്കുന്നതിനോടൊപ്പം ഉസ്താദിനോട് ഇസ്

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmial.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 4-11 January 2024 Issue-1-2

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ലാമിനെ പറ്റിയും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടി രുന്നു. എനിക്ക് മനസ്സിന് തൃപ്തികരമായ നല്ല ഉത്തരങ്ങളാണ് കിട്ടിയിരുന്നത്.

ശരിയായ മറുപടികൾ അത് ഹൃദയസ്പർശിയാ യ തർക്കശാസ്ത്രപരമായ മറുപടിയും യാഥാർ ഥ്യവുമായത് അഹ്മദിയ്യാ ജമാഅത്തിലല്ലാതെ മറ്റെവിടെയും കിട്ടുകയില്ല. കാരണം ഞങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ആണ് ഈ മറുപ ടികളും വിശദീകരണങ്ങളും നൽകിയത്.

ഞാൻ ഈ മറുപടികളുടെ ഉറവിടം എവിടെ യാണെന്നും അതിന്റെ ഉറവിടം എന്താണെന്നും എവിടെനിന്നാണ് ഇതെല്ലാം കിട്ടിയതെന്നും ചോദിച്ചപ്പോൾ ഞങ്ങളോട് ഉസ്താദ് ഞങ്ങൾ ക്ക് അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തിത്തന്നു. എന്റെ മനസ്സിന് നേരത്തെതന്നെ സംതൃപ്തി കി ട്ടിയിരുന്നു. അതുകൊണ്ട് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. എനിക്ക് സ്ഥിരചിത്തത കിട്ടാൻ ദുആ ചെയ്താലും.

അല്ലാഹു ജനങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ സത്യസാക്ഷ്യം മാത്രമല്ല വ്യക്തമാക്കി ക്കൊടുക്കുന്നത് മറിച്ച് അഹ്മദിയ്യാ ഖിലാഫത്തി ന്റെ വ്യവസ്ഥിതിയുടെ പിന്തുണയ്ക്കുവേണ്ടിയും ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. സ്വപ്ന ങ്ങൾ മുഖേന അവരെ നേരത്തേതിലും സുദൃഢ മാക്കുകയും ചെയ്യുന്നു.

സെനഗലിലെ താംബാകോണ്ട റീജണിൽ അ വിടെയുള്ള മുഅല്ലിം തബ്ലീഗി പര്യടനത്തിലാ യിരുന്നു. അദ്ദേഹം പറയുന്നു: മുഅല്ലിമീങ്ങൾ തബ്ലീഗ് ആരംഭിക്കുകയും ജമാഅത്തിനെ പരി ചയപ്പെടുത്തുകയും മുഹമ്മദ് ജിയാലു എന്നൊ രാൾ വന്ന് അഹ്മദിയ്യാ ജമാഅത്തിൽനിന്നാണോ എന്ന് ചോദിച്ചു. മുഅല്ലിം സാഹിബ് അതേ! എന്ന് പറഞ്ഞപ്പോൾ ജിയാലു സാഹിബ് പറഞ്ഞു: കു റച്ചുദിവസം മുമ്പേ അയാൾ ഒരു സ്വപ്നത്തിൽ ഒരാൾവന്ന് അദ്ദേഹത്തോട് ഇസ്ലാമിക സംഘ ടനകളിൽ അഹ്മദിയ്യത്ത് മാത്രമാണ് സത്യസ ന്ധവും ശരിയുമായ ഇസ്ലാമിനെ പ്രതിനിധാനം ചെയ്യുന്നതെന്നും അതിൽ പ്രവേശിക്കുക എന്ന് പറയുകയും ചെയ്തു. അതിന്റെ അടുത്ത ദിവ സമാണ് നിങ്ങളെത്തിയിട്ടുള്ളത്. ഏതായാലും അതിലെന്തെങ്കിലും സത്യമുണ്ടായിരിക്കുന്നതാ ണ്. മുഅല്ലിം സാഹിബ് മൊബൈലിൽ ഖലീഫ മാരുടെ ഫോട്ടോ കാണിച്ചുകൊടുത്തു. അതിൽ എന്റെ ഫോട്ടോ കണ്ടപ്പോൾ പറഞ്ഞു: ഈ വ്യ ക്തിയാണ് എന്റെ സ്വപ്നത്തിൽ വന്നത്. എന്നിട്ട് പറഞ്ഞു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീ ഫയാകുന്നു. ഈ സംഭവം കേൾപ്പിക്കുമ്പോൾ അയാളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. അദ്ദേഹം വളരെ വികാരാധീനനായി, തന്റെ കു ടുംബത്തോടൊപ്പം അഹ്മദിയ്യത്തിൽ പ്രവേശി ക്കുകയാണെന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ അദ്ദേഹം തബ്ലീഗും ചെയ്യുന്നുണ്ട്.

സ്വപ്നം മുഖേന അഹ്മദിയ്യത്ത് സ്വീകരിച്ച മറ്റൊരു സംഭവം കൂടിയുണ്ട്. കോംഗോ കിൻ ഷാസ അവിടെനിന്ന് നൂറുക്കണക്കിന് മൈൽ ദൂരെ സ്ഥിതി ചെയ്യുന്ന മറ്റൊരു രാജ്യമാകുന്നു. അവിടെയുള്ള ഒരു സ്ഥലത്തെ സദ്ർ ജമാഅ ത്താണ് ബാസിം മുനീർ സാഹിബ്. ക്രിസ്തുമ തത്തിൽനിന്ന് അഹ്മദിയായ ആളാണിദ്ദേഹം. ഇദ്ദേഹം പറയുന്നു: അവിടെ ഒരു സ്ഥലത്ത് ജമാ അത്തിലെ മുബല്ലിഗുമാർ തബ്ലീഗ് ചെയ്യാൻ വന്നിരുന്നു. ഞാനാണെങ്കിൽ ഇസ്ലാമിനെ ഭീ കരവാദമതമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. അമുസ്ലിമീങ്ങൾ ഇതാണ് ഇസ്ലാമിനെ പറ്റി പ്രചരിപ്പിക്കുന്നതും. എന്നാൽ, അഹ്മദി മുബ ല്ലിഗ് പറഞ്ഞ ഇസ്ലാമിന്റെ കാര്യങ്ങൾ എനിക്ക് കൗതുകകരമായി അനുഭവപ്പെട്ടു. ഞാൻ ക്രിസ് തുമതത്തിൽ വിരക്തനുമായിരുന്നു. ഇതെല്ലാമാ യപ്പോൾ ഞാൻ ഏറെ ആശങ്കാകുലനായിരുന്നു. അങ്ങനെ ഞാൻ ദുആ ചെയ്യാൻ തുടങ്ങി. അ തിനിടയിൽ ഒരു രാത്രി ഒരു വലിയ മനുഷ്യൻ വന്ന്, ഇതെല്ലാം ഒഴിവാക്കി ഇങ്ങോട്ട് വരൂ എന്ന് പറയുന്നത് സ്വപ്നം കണ്ടു. അതിന്റെ വ്യാഖ്യാനം അപ്പോൾ എനിക്ക് മനസ്സിലായത് ക്രിസ്തുമതം ഉപേക്ഷിച്ച് അഹ്മദിയ്യത്തിലേക്ക് വരൂ എന്നാണ്. അങ്ങനെ ഞാൻ ബയ്അത്ത് ചെയ്ത് അഹ്മദി യ്യത്തിൽ പ്രവേശിച്ചു.

ഛാഡ് മറ്റൊരു ആഫ്രിക്കൻ രാജ്യമാകുന്നു. അ വിടെയുള്ള ഒരു സംഭവവുമുണ്ട്. അവിടെ അ റേബ്യൻ ഗോത്രത്തിൽപെട്ട അബ്ദുല്ലാഹ് മൂസാ സാഹിബുണ്ട്. മുബല്ലിഗ് ഇൻചാർജ് പറയുന്നു. നമ്മുടെ ലോക്കൽ മുഅല്ലിം അദ്ദേഹത്തെ കാ ണാൻ പോയി. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ആവശ്യ ത്തിനുവേണ്ടി മുഅല്ലിം സാഹിബ് അദ്ദേഹത്തിന്റെ ഗ്രാമത്തിൽ പോയതായിരുന്നു. മുഅല്ലിം സാഹി ബ് രണ്ടാംതവണയും അദ്ദേഹത്തിന്റെ നാട്ടിൽ പോയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ *ഇസ്ലാമീ ഉസൂൽ കി ഫിലാസഫി*യു ടെ അറബി തർജമ ഇദ്ദേഹത്തിന് വായിക്കാൻ കൊടുത്തിരുന്നു. ഏതാനും ആഴ്ചകൾക്കുശേ ഷം അബ്ദുല്ലാഹ് സാഹിബ്, ഛാഡിന്റെ തല സ്ഥാനത്തെത്തിയപ്പോൾ മുഅല്ലിം സാഹിബിനെ ബന്ധപ്പെടുകയും ഈസാനബിയുടെ മരണത്തെ പ്പറ്റി ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. അദ്ദേ ഹം പറയുന്നു: ഞാൻ ഈസാനബി ജീവിച്ചിരിക്കു ന്നത് സംബന്ധമായി ഉലമാക്കളോട് പലപ്രാവശ്യം ചോദിച്ചിരുന്നു. പക്ഷേ, ആരും തൃപ്തികരമായ മറുപടി നൽകിയില്ല. രാത്രി മുഅല്ലിം സാഹിബി ന്റെയടുക്കൽത്തന്നെ തങ്ങുകയുണ്ടായി. രാത്രി മുഴുവനും അഹ്മദിയ്യാ ജമാഅത്തിനെപറ്റിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെപറ്റിയും ചോദ്യ ങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹു എനിക്ക് മർഗദർശനം നൽകാൻ ഞാൻ ദുആ ചെയ്തുകൊണ്ടിരിക്കുകയാണ്. രാവിലെ ഫജ്ർ നമസ്കാരത്തിനുശേഷം അദ്ദേഹം കുറച്ചു സമയം ഉറങ്ങി. പെട്ടെന്നുതന്നെ ഉണരുകയും ചെയ്തു. മുഅല്ലിം സാഹിബിനോട് പറഞ്ഞു. ഞാൻ സ്വപ്നത്തിൽ യഅ്തീ മിൻ ബഅ്ദിസ്മു ഹു അഹ്മദ് എന്നൊരു ശബ്ദം കേൾക്കുകയുണ്ടാ യി. മുഅല്ലിം സാഹിബ് ഈ ആയത്തിനെപറ്റി, അതിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ സത്യസാക്ഷ്യത്തിനുള്ള തെളിവുണ്ടെന്ന് പറഞ്ഞു കൊടുത്തപ്പോൾ അബ്ദുല്ലാഹ് സാഹിബ് പറഞ്ഞു: അല്ലാഹു എനിക്ക് മാർഗദർശനം നൽകിയിരിക്കു ന്നു. അദ്ദേഹത്തിന് അറബി അറിയാമായിരുന്നു. ഏതായാലും ഈ ആയത്തിന് ഇങ്ങനേയും ഒരു അർഥമുണ്ടെന്ന് അറിഞ്ഞപ്പോൾ അഹ്മദിയാകു കയുണ്ടായി.

(തുടരും)

(പേജ് 1 ൽനിന്ന്)

യും ബുദ്ധിമുട്ടുകളിലൂടേയും കഴിഞ്ഞുപോകേ ണ്ടിവന്നിട്ടുണ്ട്. നബി(സ)തിരുമേനിക്കും ആ മഹാത്മാവിനെ വിശ്വസിച്ചവർക്കും വിവിധ തര ത്തിലുള്ള പരീക്ഷണം വന്നിട്ടുണ്ട്. അതിനുശേ ഷം അഭിവൃദ്ധികളുടെ കാലഘട്ടം വന്നപ്പോഴും ആ പരീക്ഷണങ്ങളുടെ പരമ്പര തുടർന്നുകൊ ണ്ടിരുന്നു. ഇപ്പോൾ എല്ലാ പരീക്ഷണങ്ങളേയും അതിജയിച്ചിരിക്കുന്നുവെന്നും മുസ്ലിമീങ്ങളുടെ അഭിവൃദ്ധിയുമായി ബന്ധപ്പെട്ടിരുന്ന എല്ലാ പ്രശ് നങ്ങളും പരിഹരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെ ന്നുമുള്ള വിചാരത്തോടെ നബി(സ)തിരുമേനി തന്റെ ജീവിതത്തിൽ ഏതെങ്കിലും ദിവസം ഉറ ങ്ങിയതായ ഒരു ദിവസവുമുണ്ടായിട്ടില്ല. ഹദ്റ ത്ത് അബൂബക്റും ഒരിക്കലും അങ്ങനെ വിചാ രിച്ചിട്ടില്ല. ഹദ്റത്ത് ഉമറും ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. ഹദ്റത്ത് ഉഥ്മാനും ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. നമ്മുടെ ജമാഅത്തും ഒരിക്കലും അങ്ങനെ വിചാരിക്കാൻ പാടില്ല. ഇക്കാ ര്യങ്ങൾ ദൈവികജമാഅത്തുകളുമായി ബന്ധപ്പെ ട്ടതാണ്. ഒരിക്കലും ഒരു ആത്മീയ ജമാഅത്തും ഇവ കൂടാതെ അഭിവൃദ്ധി കരസ്ഥമാക്കുകയില്ല. മറ്റൊരു സ്ഥലത്ത് അല്ലാഹു ഈ ത്യാഗങ്ങളുടെ ഇനം വിവരിച്ചുകൊണ്ടു പറയുന്നു:വലനബ്ലു വന്നക്കും ബിശയ്ഇൻമ്മിനൽഖൗഫി വൽജൂയി വ നഖ്സിൻമ്മിനൽഅംവാലി വൽഅൻഫുസി വഥ്ഥമറാത്തി വ ബശ്ശിരിസ്സാബിരീൻ അൽപ മൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. അല്ലയോ നമ്മുടെ റസൂലേ!ഈ പരീക്ഷണങ്ങളുടെ കാലത്ത് തങ്ങളു ടെ വഴിയിൽനിന്ന് മാറാതെ ശക്തമായി ദീനിന്റെ മാർഗത്തിൽ ത്യാഗങ്ങൾവരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നവർക്ക് നമ്മുടെ ഭാഗത്തുനിന്ന് അവർ തങ്ങളുടെ ലക്ഷ്യത്തിൽ വിജയിക്കുന്നതാണെന്ന സന്തോഷവാർത്ത അറിയിക്കുക. ചുരുക്കത്തിൽ ഏതെങ്കിലും ജനത മരിക്കാൻ തയ്യാറാകാത്തി ടത്തോളം ജീവിക്കുകയില്ല. കാരണം ജീവിതം മരണം കൂടാതെ കരസ്ഥമാകുകയില്ല. ധാന്യം മണ്ണുമായി ചേരാത്തിടത്തോളം മുളപൊട്ടുകയില്ല. ഗർഭപാത്രത്തിലെ ഇരുട്ടറകളിലൂടെ കടന്നുപോ കാത്തിടത്തോളം കുട്ടി ജനിക്കുകയില്ല. ഇപ്രകാരം ഒരു മരണം വരിക്കാത്തിടത്തോളം ഒരു ജനതയും അഭിവൃദ്ധിപ്പെടുകയുമില്ല. (തഫ്സീറെ കബീർ വാള്യം 7, പേജ് 561)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ് ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർ ത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കു ള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടി കളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തി ന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin